# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടയം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: mlktm.ksad@kerala.gov.in

ഫോൺ : 0481-2566665

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എം.എം-3/387/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/12/2023
ഇ-മെയിൽ: mlktm.ksad@kerala.gov.in
ഫോൺ: 0481-2566665

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കോട്ടയം മുനിസിപ്പാലിറ്റി

സർ,

**വിഷയം : കോട്ടയം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2-1, 3-1, 3-2 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.എം.എം-3/387/23 തീയ്യതി: 31/12/2023

## കോട്ടയം ജില്ലയിലെ കോട്ടയം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോട്ടയം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 20-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.വി.സന്തോഷ് | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2023 | 28-05-2023 |
| ശ്രീ.സി.അനിൽകുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 29-05-2023 | 20-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-08-2023 | 20-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.മായാ മാധവൻ നായർ (ഓഡിറ്റ് ഓഫീസർ, ഹയർ ഗ്രേഡ്)

ശ്രീമതി. കൊച്ചുമോൾ.എം (അസി.ഓഡിറ്റ് ഓഫീസർ)

ശ്രീമതി.ശ്രീലത. ആർ. ബി (അസി.ഓഡിറ്റ് ഓഫീസർ)

ശ്രീ. ഹരികുമാർ, ബി (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി. ജാസ്മിൻ. എസ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ബിൻസി സെബാസ്റ്റ്യൻ | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീമതി. അന്ന അനില വർഗ്ഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 18-09-2022 |
| ശ്രീ.ജയകുമാർ.ഡി | സെക്രട്ടറി | 19-09-2022 | 25-01-2023 |
| ശ്രീമതി.ബിജിമോൾ.ഇ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിജിമോൾ. ഇ. ആർ | എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അന്ന അനില വർഗ്ഗീസ് | അസി.എക്സി.എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. ജീവൻ പി | അസി.എൻജിനീയർ | 01-04-2022 | 13-10-2022 |
| ശ്രീമതി.ബിന്ദു.ജെ.എൽ | അസി.എൻജിനീയർ | 13-10-2022 | 31-03-2023 |
| ശ്രീ.അജി. സി. ടി | അസി.എൻജിനീയർ | 01-04-2022 | 26-09-2022 |
| ശ്രീമതി.ദിവ്യ | അസി.എൻജിനീയർ | 27-09-2022 | 31-03-2023 |
| ശ്രീ.ദീപക് | അസി.എൻജിനീയർ | 01-04-2022 | 30-07-2022 |
| ശ്രീ.മുഹമ്മദ് ആഷിക് | അസി.എൻജിനീയർ | 31-07-2022 | 31-03-2023 |
| ശ്രീമതി.ജ്യോതി സൂസൻ ജോയി | മെഡിക്കൽ ഓഫീസർ (PHC) | 01-04-2022 | 19-04-2022 |
| ശ്രീമതി.ദീപ്തി ലാലു മാത്യു | മെഡിക്കൽ ഓഫീസർ (PHC) | 20-04-2022 | 30-06-2022 |
| ശ്രീമതി. ജ്യോതി സൂസൻ ജോയ് | മെഡിക്കൽ ഓഫീസർ (PHC) | 01-07-2022 | 31-03-2023 |
| ശ്രീമതി. ശ്രീലത.സി.വി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീ. ജയന്ത് ഗോവിന്ദ് | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. മഞ്ജു. എം. പിള്ള | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. കൃഷ്ണ കുമാർ.സി | പ്രോജക്റ്റ് ഓഫീസർ (നഗര ദാരിദ്ര്യനിർമ്മാർജ്ജന വിഭാഗം) | 01-04-2022 | 31-03-2023 |
| ശ്രീ. സാനു. എം. ആർ | ഹെൽത്ത് ഓഫീസർ | 01-04-2022 | 12-05-2022 |
| ശ്രീ. ശശികുമാർ.എസ് | ഹെൽത്ത് ഓഫീസർ | 12-05-2022 | 07-11-2022 |
| ശ്രീ.സാനു. എം. ആർ | ഹെൽത്ത് ഓഫീസർ | 07-11-2022 | 07-02-2023 |
| ശ്രീമതി. തങ്കം. ടി. എ | ഹെൽത്ത് ഓഫീസർ | 07-02-2023 | 31-03-2023 |
| ശ്രീമതി. ആഷ. വി.വി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. മഞ്ജു .ഡി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീ. രാകേഷ്. എ | പട്ടികജാതി വികസന ഓഫീസർ | 01-08-2022 | 31-03-2023 |
| ശ്രീമതി. ജംലാ റാണി | സി.ഡി.പി.ഒ | 01-04-2022 | 17-08-2022 |
| ശ്രീമതി. ഉഷാകുമാരി. കെ | സി.ഡി.പി.ഒ | 17-08-2022 | 20-12-2022 |
| ശ്രീമതി. സുമ. സി. എസ് | സി.ഡി.പി.ഒ | 21-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. സജൻ. എസ്. നായർ | ഹെഡ് മാസ്റ്റർ | 01-04-2022 | 23-08-2022 |
| ശ്രീ. ബെന്നോ ജോസഫ് | ഹെഡ് മാസ്റ്റർ | 24-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക | 1-1 |
| 2 | നികുതി, നികുതിയേതര വരവുകളുടെ കൃത്യമായ ഡിമാന്റ് തിട്ടപ്പെടുത്തുന്നില്ല | 1-1-1 |
| 3 | വസ്തുനികുതി-ഡി.സി.ബി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ക്യാപ്പിറ്റൽ ചെലവുകൾ റെവന്യൂ ചെലവുകളായി അക്കൗണ്ട് ചെയ്യപ്പെടുന്നു | 1-1-3 |
| 5 | ബി-ഫണ്ട് വരവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല | 1-1-4 |
| 6 | ഡിപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കുന്നില്ല | 1-1-5 |
| 7 | സ്റ്റോക്ക് രജിസ്റ്റർ–സൂക്ഷിപ്പ് തൃപ്തികരമല്ല | 1-1-6 |
| 8 | ഷെഡ്യൂൾ B-15 പിരിഞ്ഞുകിട്ടാനുള്ളതായി കാണിച്ചിട്ടുള്ള തുകയുടെ കൃത്യത വ്യക്തമല്ല | 1-1-7 |
| 9 | പ്രവർത്തികൾക്കായി നൽകിയ മുൻകൂറുകൾ പ്രവർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ആസ്തിയായി മാറ്റുന്നില്ല | 1-1-8 |
| 10 | തിരിച്ചടയ്ക്കുവാൻ ബാക്കിനിൽക്കുന്ന ലോൺ തുക കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-9 |
| 11 | ബാങ്ക് അക്കൗണ്ടുകളുടെ ക്ലോസിങ്ങ് ബാലൻസ് കൃത്യമല്ല | 1-1-10 |
| 12 | ഷെഡ്യൂൾ B-6 ൽ നൽകിയിട്ടുള്ള ലോൺ തുകകൾ കൃത്യമല്ല | 1-1-11 |
| 13 | B-9 Other Liabilities-കൃത്യമാക്കേണ്ടതാണ് | 1-1-12 |
| 14 | ഷെഡ്യൂൾ B-9, Other Liabilities കൃത്യമാക്കേണ്ടതാണ് | 1-1-13 |
| 15 | ബാദ്ധ്യത തുകകൾക്ക് കൃത്യമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-14 |
| 16 | സ്പെഷ്യൽ ഫണ്ടുകളുടെ നീക്കിബാക്കി B-17ൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-15 |
| 17 | തനത് വരുമാനങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-16 |
| 18 | റെന്റ് അക്കൗണ്ട് ചെയ്തതിൽ പിഴവ് | 1-1-17 |
| 19 | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം (റെസിപ്റ്റ്& പേയ്മെന്റ്) പ്രകാരം | 1-3 |
| 22 | ഫണ്ട് വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്ഷേമ പദ്ധതികൾ | 1-7 |
| 26 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 27 | ആഭ്യന്തര നിയന്ത്രണസംവിധാനം | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | വസ്തുനികുതി ഈടാക്കിയതിൽ കുറവ് | 1-11 |
| 30 | കോട്ടയം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി -കുടിശ്ശിക പിരിക്കുന്നതിൽ വീഴ്ച്ച | 1-12 |
| 31 | സേവന ഉപനികുതി ഈടാക്കുന്നത് അശാസ്ത്രീയമയി-മുനിസിപ്പാലിറ്റിക്ക് വരുമാന നഷ്ടം | 1-13 |
| 32 | നാട്ടകം മേഖലാ ഓഫീസ് - 2022-23 വർഷം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ | 1-14 |
| 33 | നാട്ടകം മേഖലാ ഓഫീസ് - 2022-23 വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ | 1-15 |
| 34 | 2022-23 വർഷത്തേക്ക് -ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-16 |
| 35 | IFTE& OS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-17 |
| 36 | ലൈസൻസ് ഫീസ്-സത്യവാങ്മൂലത്തിന്റെ കൃത്യത പരിശോധിക്കുന്നില്ല | 1-18 |
| 37 | തിരുവാതുക്കൽ ഷോപ്പിങ്ങ് കോംപ്ലക്സ്- വാടക പിരിവിലെ അപാകതകൾ | 1-19 |

| | | |
|---|---|---|
| 38 | പിരിവ് ഇനങ്ങൾ ലേലം കൊണ്ട വ്യക്തി ലേല തുക പൂർണ്ണമായും ഒടുക്കിയിട്ടില്ല | 1-20 |
| 39 | തിരുനക്കര മൈതാനം പാട്ടകുടിശിക നഗരസഭക്ക വൻ ബാധ്യത | 1-21 |
| 40 | മുനിസിപ്പാലിറ്റിയുടെ ഓൺഫണ്ട് അക്കൗണ്ടുകളുടെ നീക്കിബാക്കി കൃത്യമല്ല | 1-22 |
| 41 | നഗരസഭയിലെ സ്ഥിര നിക്ഷേപങ്ങൾ വിശദാംശങ്ങൾ ലഭ്യമല്ല | 1-23 |
| 42 | ഡിപ്പോസിറ്റ് റീഫണ്ട്- അധിക തുക റീഫണ്ട് ചെയ്തു | 1-24 |
| 43 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണോദ്യോഗസ്ഥനായി തുക വകയിരുത്തിയ അഞ്ച് പദ്ധതികളിൽ ഒന്നുപോലും നടപ്പിലാക്കിയില്ല | 1-25 |
| 44 | 14-ാം പഞ്ചവൽസര പദ്ധതി മുന്നൊരുക്ക പ്രവർത്തനങ്ങൾ -നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ | 1-26 |
| 45 | പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ നിർവ്വഹണം നടത്തിയ ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ | 1-27 |
| 46 | വെള്ളക്കരം കുടിശ്ശിക സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-28 |
| 47 | ഉദ്യോഗസ്ഥർ അടയ്ക്കേണ്ട വെള്ളക്കര കുടിശ്ശിക നഗരസഭ ഒടുക്കിയതുമൂലമുള്ള സാമ്പത്തിക ബാദ്ധ്യത- ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് | 1-29 |
| 48 | കോട്ടയം നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന പബ്ളിക് ലൈബ്രറികളുടെ പ്രവർത്തനത്തിലെ അപാകതകൾ | 1-30 |
| 49 | കൃഷി ഭവനിലേയ്ക്ക് കംപ്യൂട്ടർ വാങ്ങൽ–സ്റ്റോർ പർചേസ് മാന്വവൽ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല | 1-31 |
| 50 | മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ– വിനിയോഗ വിവരങ്ങൾ/അനുബന്ധ രേഖകൾ ഹാജരാക്കിയില്ല. | 1-32 |
| 51 | നാഗമ്പടം സ്റ്റേഡിയം-നാശോൻമുഖമായ നിലയിൽ | 1-33 |
| 52 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചിട്ടില്ല | 1-34 |
| 53 | ഭൂമി വാങ്ങൽ – പട്ടികവർഗ്ഗം - വാങ്ങിയ സ്ഥലത്ത് ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 1-35 |
| 54 | എസ്.സി ഭവനങ്ങളുടെ അറ്റകുറ്റപ്പണി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-36 |
| 55 | സ്കൂളുകൾക്ക് ഇൻസിനറേറ്റർ — സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭിച്ചില്ല | 1-37 |
| 56 | ഫയലുകൾ ഹാജരാക്കിയില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു | 1-38 |
| 57 | നെഹ്റു പാർക്കിൽ കുട്ടികൾക്കായി സ്ഥാപിച്ച കളിയുപകരണങ്ങൾ മെയിന്റനൻസിന്റെ അഭാവത്തിൽ നശിച്ച നിലയിൽ– അപകടമുണ്ടാകുവാനുള്ള സാദ്ധ്യത നിലനിൽക്കുന്നു | 1-39 |
| 58 | നീന്തൽ പരിശീലനം - രേഖകകൾ ലഭ്യമാക്കിയില്ല | 1-40 |
| 59 | സ്കൂളുകളിലേയ്ക്ക് ഫർണിച്ചർ -വിതരണ വിവരങ്ങൾ ലഭ്യമായില്ല | 1-41 |
| 60 | നഗരസഭാ ലൈബ്രറികളുടെ അനുബന്ധ പ്രവർത്തനങ്ങൾ– സാധനങ്ങൾ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-42 |
| 61 | സ്കൂളുകൾക്ക് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങൽ - വിതരണ രേഖകൾ ലഭ്യമാക്കിയില്ല. | 1-43 |
| 62 | മുള്ളൻകുഴി ഫ്ലാറ്റ് നിർമ്മാണം- നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. | 1-44 |
| 63 | ബിറ്റുമിന്റെ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കുവരുത്തിയതായി രേഖകളില്ല | 1-45 |
| 64 | റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടില്ല | 1-46 |
| 65 | അസി.എക്സിക്യൂട്ടീവ് എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ട്-സോളാർപ്ലാന്റ് സ്ഥാപിക്കൽ & കണക്ടിവിറ്റി-പ്രവൃത്തി പൂർത്തീകരിച്ചില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു. | 1-47 |
| 66 | റോഡ് ടാറിങ്ങ് പ്രവൃത്തികൾ–ബാരൽ വിലയും ജി.എസ്.ടിയും കറവ് ചെയ്ത് ട്രഷറി തനത്ഫണ്ട് അക്കൗണ്ടിൽ നിലനിർത്തി | 1-48 |
| 67 | ബിറ്റുമിൻ സപ്ലൈ ചെയ്തെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ ഇല്ല | 1-49 |
| 68 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് നാളിതുവരെ മുനിസിപ്പൽ ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല | 1-50 |
| 69 | മാലിന്യ നിർമ്മാർജ്ജനം കോട്ടയം നഗരസഭ | 1-51 |
| 70 | അഗതി രഹിത കേരളം പദ്ധതി | 1-52 |

| | | |
|---|---|---|
| 71 | സ്മാർട്ട് ഗാർബേജ് ആപ്പ് -ഡിജിറ്റലൈസേഷൻ പൂർണ്ണമായില്ല | 1-53 |
| 72 | ഐ.കെ.എം ന് വിഹിതം നൽകൽ ഡിമാന്റ് ചെയ്ത തുകയേക്കാൾ കൂടുതൽ നൽകി | 1-54 |
| 73 | പദ്ധതി നിർവ്വഹണ/മോണിറ്റങ്ങ് ചെലവുകൾ– അപാകതകൾ -ചെലവുതുക തടസ്സപ്പെടുത്തുന്നു | 1-55 |
| ഭാഗം **2** | | |
| 1 | വസ്തുനികുതി ഈടാക്കിയതിൽ കുറവ് | 2-1 |
| ഭാഗം **3** | | |
| 1 | ഡിപ്പോസിറ്റ് റീഫണ്ട്- അധിക തുക റീഫണ്ട് ചെയ്തു | 3-1 |
| 2 | സ്കൂളുകൾക്ക് ഇൻസിനറേറ്റർ– സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭിച്ചില്ല | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പ്, വിനിയോഗം എന്നിവയുടെ വിവരങ്ങൾ | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 വാർഷിക ധനകാര്യ പത്രിക

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

**1) കോട്ടയം മുനിസിപ്പാലിറ്റിയുടെ** 2023 മാർച്ച് 31 -ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.7.2023 തീയതിയിലെ 1 -ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 31.7.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 -ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 -ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2). സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള **അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട** സുപ്രധാനമായ എസ്റ്റിമേറ്റുകളും **വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ** മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോട്ടയം മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.3.2023 -ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.3.2023 -ലെ സാമ്പത്തിക

നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി : 31.12.2023 ഡെപ്യൂട്ടി ഡയറക്ടർ,

കോട്ടയം നഗരസഭാ ഓഡിറ്റ്

**1-1-1 നികുതി, നികുതിയേതര വരവുകളുടെ കൃത്യമായ ഡിമാന്റ് തിട്ടപ്പെടുത്തുന്നില്ല**

നികുതി, നികുതിയേതര വരവുകൾ കൃത്യമായ ഡിമാന്റ് തിട്ടപ്പെടുത്തിയല്ല അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഇതുമൂലം ഇൻകം& എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് കൃത്യമായ വരുമാനം പ്രതിഫലിപ്പിക്കുന്നില്ല.

**1-1-2 വസ്തുനികുതി-ഡി.സി.ബി പൊരുത്തപ്പെടുന്നില്ല**

ഷെഡ്യൂൾ B15, RP-43, I-1:വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

**1-1-3 ക്യാപ്പിറ്റൽ ചെലവുകൾ റെവന്യൂ ചെലവുകളായി അക്കൗണ്ട് ചെയ്യപ്പെടുന്നു**

ഷെഡ്യൂൾ ബി3 : ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

**1-1-4 ബി-ഫണ്ട് വരവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല**

ബി-ഫണ്ട് വരവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ചെലവ് വിവരങ്ങൾ I-14 ൽ കാണിച്ചിട്ടുണ്ടെങ്കിലും വരവ് RP-7ൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-5 ഡിപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കുന്നില്ല**

ഷെഡ്യൂൾ B-7:- ഡിപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിക്കാത്തതിനാൽ Deposits Received ഇനത്തിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

**1-1-6 സ്റ്റോക്ക് രജിസ്റ്റർ-സൂക്ഷിപ്പ് തൃപ്തികരമല്ല**

ഷെഡ്യൂൾ B14 :- 31.03.2023-ലെ ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ കൃത്യത സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

**1-1-7 ഷെഡ്യൂൾ B-15 പിരിഞ്ഞുകിട്ടാനുള്ളതായി കാണിച്ചിട്ടുള്ള തുകയുടെ കൃത്യത വ്യക്തമല്ല**

ഷെഡ്യൂൾ ബി 15- Sundry Debtors: ൽ നൽകിയിട്ടുള്ള ഡിമാൻറ് ചെയ്തിട്ടുള്ളതും പിരിഞ്ഞുകിട്ടാനുള്ളതുമായ ചുവടെ ചേർത്തിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | State Govt.Cess/ Levies In Property Tax-Control Account | -14763737 |

**1-1-8 പ്രവർത്തികൾക്കായി നൽകിയ മുൻകൂറുകൾ പ്രവർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ആസ്തിയായി മാറ്റുന്നില്ല**

ഷെഡ്യൂൾ ബി18: Loans,Advance&Deposit: മുനിസിപ്പാലിറ്റിക്ക് വേണ്ടി വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനായി സ്ഥാപനങ്ങൾക്ക് നൽകുന്ന മുൻകൂറുകൾ പ്രവൃത്തി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ ലഭിക്കുന്ന മുറയ്ക്ക് ആസ്തിയാക്കി മാറ്റി അഡ്വാൻസിൽ നിന്നും ഒഴിവാക്കുന്നില്ല. ഉദ്യോഗസ്ഥർക്കുള്ള ഫെസ്റ്റിവൽ അഡ്വാൻസായി കാണിച്ചിട്ടുള്ള -2813774 രൂപയുടെ കൃത്യത പരിശോധിക്കേണ്ടതാണ്.

**1-1-9 തിരിച്ചടയ്ക്കുവാൻ ബാക്കിനിൽക്കുന്ന ലോൺ തുക കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല**

ഷെഡ്യൂൾ ബി16: Pre Paid Expense: ആകെ ലോൺ തുകയിൽ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി B-5-ൽ രേഖപ്പെടുത്തിയിരിക്കുന്ന തുക B-16 ഷെഡ്യൂളിലും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ B-16 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-10 ബാങ്ക് അക്കൗണ്ടുകളുടെ ക്ലോസിങ്ങ് ബാലൻസ് കൃത്യമല്ല**

B-17 ചുവടെ ചേർക്കുന്ന (കാഷ്& ബാങ്ക്) ക്ലോസിങ്ങ് ബാലൻസുകൾ കൃത്യമല്ല

| | | |
|---|---|---|
| 1 | TSB Own Fund Account | -6574708 |
| 2 | SBT (LC) Kumaranellor& Nattakam | -359250 |
| 3 | SBT-OF-Kumaranellor&Nattakam | -59630969 |
| 4 | Bank Of Maharashtra MP Fund | -383874 |

**1-1-11 ഷെഡ്യൂൾ B-6 ൽ നൽകിയിട്ടുള്ള ലോൺ തുകകൾ കൃത്യമല്ല**

ഷെഡ്യൂൾ B-6 ലോൺസ് ഫ്രം സ്റ്റേറ്റ് ഗവൺമെന്റ്, അദർ ലോൺസ് എന്നീ ഹെഡ്ഡുകളിൽ നൽകിയിരിക്കുന്ന തുകകൾ തെറ്റാണ്. ലോൺ രജിസ്റ്റർ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ച് കൃത്യമാക്കേണ്ടതാണ്.

**1-1-12 B-9 Other Liabilities-കൃത്യമാക്കേണ്ടതാണ്**

ഷെഡ്യൂൾ B-9 Other Liabilities-ബാദ്ധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന തുകകൾ മുൻ വർഷത്തെ തന്നെയാണ്.

| ക്രമ നം. | ഹെഡ് | തുക |
|---|---|---|
| 1 | Recoveries Payable IT Deducted At Source-Specific Grants | 3125 |
| 2 | Recoveries Payable IT Deducted At Source-Scheme Expenditure | 5200 |
| 3 | Recoveries Payable Education Cess Deducted At Source-Municipal Fund | 393 |

ഈ തുകകളുടെ കൃത്യത പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

**1-1-13 ഷെഡ്യൂൾ B-9, Other Liabilities കൃത്യമാക്കേണ്ടതാണ്**

ഷെഡ്യൂൾ B-9, Other Liabilities-ബാദ്ധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. വിവിധ ഹെഡ്ഡുകളിൽ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകകളല്ല പിന്നീട് പേയ്മെന്റ് നടത്തിയിട്ടുള്ളത്. ഈ വ്യത്യാസം ബന്ധപ്പെട്ട ലെഡ്ജറുകൾ പരിശോധിച്ച് കാരണം കണ്ടെത്തി തിരുത്തേണ്ടതാണ്.

**1-1-14 ബാദ്ധ്യത തുകകൾക്ക് കൃത്യമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

ഷെഡ്യൂൾ B-9 ൽ അവസാന മാസ ബാദ്ധ്യതയായി നിൽക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കി ആധികാരികമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

**1-1-15 സ്പെഷ്യൽ ഫണ്ടുകളുടെ നീക്കിബാക്കി B-17ൽ രേഖപെടുത്തിയിട്ടില്ല**

ഷെഡ്യൂൾ B-2, ഇയർമാർക്ക്ഡ് ഫണ്ട്സിൽ കാണിച്ചിട്ടുള്ള സ്പെഷ്യൽ ഫണ്ടുകളുടെ നീക്കി ബാക്കി ഷെഡ്യൂൾ B-17 ൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-16 തനത് വരുമാനങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല**

വിവിധ ഘടക സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നതും മുനിസിപ്പാലിറ്റിയുടെ തനത് വരുമാനമായി കണക്കാക്കാവുന്നതുമായ വരുമാനങ്ങൾ ഷെഡ്യൂൾ I-5(a) ആയി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-17 റെന്റ് അക്കൗണ്ട് ചെയ്തതിൽ പിഴവ്**

ഷെഡ്യൂൾ I-3ൽ റെന്റ് ഫ്രം മാർക്കറ്റസ് 4870649/- രൂപ പ്രതീക്ഷിത വരവ് കാണിച്ചിട്ടുണ്ടെങ്കിലും RP-3ൽ ഈയിനത്തിൽ വരവൊന്നുംതന്നെ വന്നിട്ടില്ല. ടി വ്യത്യാസം സംബന്ധിച്ച നോട്ട്സ് ഓൺ അക്കൗണ്ട്സ് തയ്യാറാക്കി പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

**1-1-18 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ ധനകാര്യപത്രിക പ്രകാരമുള്ള നീക്കിബാക്കി പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

| അക്കൗണ്ടിന്റെ വിവരം | OB (As On 01.04.22) (As Per RP-40 A Of AFS) | CB (As On 31.03.23) (As Per RP-40 B Of AFS) |
|---|---|---|
| Nationalised Banks-Municipal Fund-1 | 4982666 | 4982666 |
| LGBT Treasury | -9528133 | 12291941 |
| Bank Of Maharashtra (Own Fund) | 103860265 | 124146831 |
| Bank Of Maharashtra (SD) | 25737782 | 24129472 |
| Bank Of Maharashtra (LC) | 2518245 | 6417055 |
| SBT.LC (Kumaranelloor& Nattakom) | -382839 | -359250 |
| SBT (Own Fund), Kumaranellor& Nattakom | -48103822 | -59630969 |

| | | |
|---|---|---|
| SBT (SD), Kumaranelloor& Nattakom) | 355487 | 334838 |
| Kumaranelloor Service Co-operative Bank | 276235 | 276235 |
| TSB (Own Fund Account) | 4226206 | -6574708 |
| Nattakom (VPFA-1) | 18912 | 18912 |
| Nattakom (VPFA-II) | 8 | 8 |
| Kumaranellor (VPFA-1) | 500 | 500 |
| Treasury (RYTSB) | 161 | 161 |
| SBT (Spl-3)-403 | 1256500 | 132900 |
| SBI (Spl-3) UIDSSMT | 3610565 | 3635137 |
| Punjab National Bank | 2681847 | 2681847 |
| Indian Bank | 2258565 | 2681847 |

**1-2 ബജറ്റ്**

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയ്യതി | 13.03.2022 |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയ്യതി | 29.03.2022 |

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 425438751 | 368220225 | 57218526 |
| വരവ് | 1054322547 | 671868395 | 382454152 |
| ആകെ | 1479761298 | 1040088620 | 439672678 |
| ചെലവ് | 1208612491 | 451022248 | 757590243 |
| നീക്കിയിരിപ്പ് | 271148807 | 589066372 | -317917565 |

പ്രതീക്ഷിത ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വലിയ അന്തരം ഉണ്ട്. പ്രതീക്ഷിത ബജറ്റ് വാസ്തവികമായും യാഥാർത്ഥ്യബോധത്തോടെയും തയ്യാറാക്കേണ്ടതാണ്. നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-3 സാമ്പത്തിക വിശകലനം (റെസിപ്റ്റ്& പേയ്മെന്റ്) പ്രകാരം**

| ഇനം | 2022-23 |
|---|---|
| മുന്നിരുപ്പ് | 368220225 |
| വരവ് | 671868395 |
| ആകെ | 1040088620 |
| ചെലവ് | 451022248 |
| നീക്കിയിരുപ്പ് | 589066372 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 76623447 | 76623447 | 72064993 | 4558454 | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 42171109 | 42171109 | 20331293 | 21839816 | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 761600 | 761600 | 562867 | 198733 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 6945972 | 64770555 | 71716527 | 68168295 | 3548232 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 24995361 | 25714315 | 50709676 | 46188242 | 4521434 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 89634000 | 89634000 | 68306737 | 21327263 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | | 48571000 | 48571000 | 41169756 | 7401244 | |
| **കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | | |
| ഐ.സി.ഡി.എസ്. | | 3970000 | 397000 | 726718 | 3243282 | |
| | | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2022-23 | 471 | 559048860 | 291 | 328486805 | 178 | 37.79 |

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 5 | 1282000 | 0 | 0 | 0 |
| 2 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 2 | 3000000 | 2 | 3000000 | 100 |
| 3 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 2160000 | 2 | 181250 | 8.39 |
| 4 | കൃഷി ഓഫീസർ | 7 | 11869000 | 7 | 11869000 | 100 |
| 5 | മുനിസിപ്പൽ സെക്രട്ടറി | 44 | 89135160 | 27 | 51337766 | 57.59 |

| | | | | | | |
|---|---|---|---|---|---|---|
| 6 | വെറ്റിനറി സർജൻ | 8 | 2537800 | 6 | 1575771 | 62.09 |
| 7 | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 9 | 8476731 | 8 | 5473651 | 64.57 |
| 8 | പട്ടിക ജാതി വികസന ഓഫീസർ | 15 | 24591725 | 14 | 16109210 | 65.5 |
| 9 | ഹെൽത്ത് ഓഫീസർ | 22 | 54462730 | 16 | 13343469 | 24.5 |
| 10 | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 7 | 23789749 | 5 | 18474988 | 77.65 |
| 11 | ഹെഡ് മാസ്റ്റർ ഗവ.ഹൈസ്കൂൾ | 12 | 5685000 | 12 | 4753760 | 83.61 |
| 12 | മുനിസിപ്പൽ എഞ്ചിനീയർ | 3 | 39291069 | 3 | 28524575 | 72.59 |
| 13 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5 | 10953600 | 5 | 10563149 | 96.43 |
| 14 | അസിസ്റ്റന്റ് എഞ്ചിനീയർ | 270 | 179978650 | 147 | 100150608 | 55.65 |
| 15 | അസി.എക്സി.എഞ്ചിനീയർ | 59 | 101835646 | 42 | 63129608 | 62 |

**1-6 തൊഴിലുറപ്പ് പദ്ധതി**

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പ്രകാരമുള്ള ആകെ വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1611470.07 |
| വരവ് | 15000000 |
| പലിശ വരവ് | 9273 |
| ആകെ | 16620743.07 |
| തൊഴിലാളികളുടെ കൂലി | 15735618 |
| ഭരണ നിർവ്വഹണചെലവുകൾ | 781497 |
| ബാങ്ക് ചാർജസ് | 113.9 |
| ആകെ ചെലവ് | 16517228.9 |
| നീക്കിയിരിപ്പ് | 103514.17 |

2022-23 വർഷം 103 പേർ തൊഴിൽ കാർഡിനായി അപേക്ഷിച്ചു.956 കുടുംബങ്ങൾ ആണ് ടി വർഷം തൊഴിൽ ഡിമാന്റ് ചെയ്തത്. 52 വാർഡുകൾ ഉൾപ്പെടുത്തി തൊഴിലുറപ്പിന് ഒരു വാർഡ് സഭ നടത്തി. 684 പദ്ധതികൾ വിഭാവനം ചെയ്തു. സാങ്കേതികാനുമതി ലഭിച്ച 143 പദ്ധതികൾ പൂർത്തീകരിച്ചു. 2022-23 ലെ ആകെ തൊഴിൽ ദിനങ്ങൾ 4534 ആണ്. 25 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കുന്ന പദ്ധതികൾ ഒന്നും നടപ്പാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

**1-7 ക്ഷേമ പദ്ധതികൾ**

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക (സേവന സോഫ്റ്റ്‌വെയർ പ്രകാരം) |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 1097 | 14296800 |
| വികലാംഗപെൻഷൻ | 950 | 11915800 |
| വാർദ്ധക്യകാല പെൻഷൻ | 9407 | 108723400 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 156 | 1735200 |
| വിധവാ പെൻഷൻ | 2933 | 36305700 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും നടത്തി റിപ്പോർട്ട് ഹെഡ്ഡോഫീസിലേക്ക് അയച്ചിട്ടുണ്ട്.

**1-9 ആഭ്യന്തര നിയന്ത്രണസംവിധാനം**

നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം തീർത്തും കാര്യക്ഷമമല്ല എന്നു കാണുന്നു.

1.വസ്തുനികുതി- നഗരസഭയുടെ തനതു വരുമാനത്തിൽ മുഖ്യ ഇനമായ വസ്തുനികുതിയുടെ പിരിവ് കാര്യക്ഷമമല്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. വസ്തുനികുതി കമ്പ്യൂട്ടർവൽക്കരണത്തിനായി ഓഡിറ്റ് വർഷവും പ്രോജക്ട് രൂപീകരിച്ച് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് പൂർത്തിയായിട്ടില്ല. സമസ്ത മേഖലകളിലും ഓൺലൈൻ സംവിധാനങ്ങളെ ആശ്രയിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ നഗരസഭ ഈ മേഖലയിൽ തുലോം പിന്നാക്കം നിൽക്കുന്നത് പരിശോധിക്കപ്പെടേണ്ടതും പരിഹാരമാർഗ്ഗങ്ങൾ തേടേണ്ടതുമാണ്.

2 തൊഴിൽ നികുതി- നഗരസഭ വരുമാനത്തിന്റെ മറ്റൊരു മുഖ്യ ഇനമായ തൊഴിൽ നികുതിയുടെ കാര്യത്തിലാകട്ടെ കമ്പ്യൂട്ടർ വൽക്കരണം ആരംഭിച്ചിട്ടുപോലുമില്ല എന്നു കാണാം. തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്ററുകളിൽ കൃത്യമായി പോസ്റ്റിങ്ങ് നടത്തുന്നില്ല. ഇത് കുടിശ്ശിക കണക്കാക്കുന്നത് സങ്കീർണ്ണമാക്കുകയും ചെയ്യുന്നു. മാത്രമല്ല തൊഴിൽ സ്ഥാപനങ്ങൾ നിന്നുപോവുകയോ ജീവനക്കാർ സ്ഥാപനം വിട്ടുപോവുകയോ ചെയ്യുന്ന സാധ്യതകൾ ഉള്ളതിനാൽ വസ്തു നികുതിയെ അപേക്ഷിച്ച് കുടിശ്ശിക ഈടാക്കുന്നത് അസാദ്ധ്യമാവുകയും വൻതോതിൽ വരുമാനച്ചോർച്ച ഉണ്ടാവുകയും ചെയ്യുന്നു. തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്ററുകളുടെ പരിപാലനം തീർത്തും നിരുത്തരവാദിത്തപരമാണ്. രജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ്, എല്ലാ ജീവനക്കാരുടെയും ശമ്പള വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല.

3.വൗച്ചറുകളുടെ സൂക്ഷിപ്പ് ഓരോ മാസത്തെയും വൗച്ചറുകൾ ക്രമമായി നമ്പരിട്ട് അടുക്കി സൂക്ഷിക്കുന്നില്ല. വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ അനുബന്ധ രേഖകൾ

സൂക്ഷിക്കുന്നില്ല. സാംഖ്യ വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.

4ഫയലുകൾ സമയബന്ധിതമായി ഓഡിറ്റിന് ഹാജരാക്കുന്നില്ല

ഓഡിറ്റിനായി ഫയലുകൾ ഹാജരാക്കുന്നതിൽ വളരെയേറെ ഉപേക്ഷ കാണുന്നു. ഓഡിറ്റ് റിക്വിസിഷനുകൾ/ റിമൈൻഡറുകൾ എന്നിവ മുഖേന പല തവണ ആവശ്യപ്പെട്ടിട്ടും ഫയലുകൾ ലഭ്യമാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നു.

5 മാസാന്ത്യ/വർഷാന്ത്യ റീകൺസിലിയേഷൻ നടത്തുന്നില്ല.

ദിവസേനയുള്ള നികുതി നികുതിയേതര വരവുകൾ അതതു ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ചെലവിന്റെ കാര്യത്തിൽ സമയബന്ധിതമായ ക്രമപ്പെടുത്തലുകൾ സാംഖ്യയിൽ വരുത്തുന്നില്ല. ക്യാഷ് ബുക്ക് എന്ന പേരിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ തനതുഫണ്ട് ചെലവുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെങ്കിലും യാതൊരക്കൌണ്ടിന്റെയും വരവു ചെലവുകണക്കുകൾ ക്രോഡീകരച്ച് മാസാന്ത്യ/വർഷാന്ത്യ റീക്കൺസിലിയേഷൻ ചെയ്യുന്നില്ല.

6. കെട്ടിടനികുതി ഡാറ്റാ എൻട്രി നാളിതുവരെ പൂർത്തിയായിട്ടില്ല

കോട്ടയം നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം നഗരസഭാ പരിധിയിൽ 70000 കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രിയാണ് പൂർത്തീകരിക്കുവാനുള്ളത്. 70000 ബേസ് ഡേറ്റാ ഉള്ളതിൽ ആകെ 59131 കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി മാത്രമാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്. 29.12.2016ലെ ഫിനാൻസ് സ്റ്റാൻഡിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം വസ്തുനികുതി ഡാറ്റാ എൻട്രി 2017 മാർച്ച് 15 ന് മുൻപായി പൂർത്തീകരിക്കണമെന്ന നിബന്ധനയോടെ റെവന്യൂ ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഡാറ്റാ എൻട്രി ഏകദേശം 84% മാത്രമേ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളു. ഡേറ്റ എൻട്രി നടത്താത്തതു മൂലം നഗരസഭയിലെ 16% കെട്ടിട ഉടമകൾക്കും ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കാനാകുന്നില്ല എന്നത് ഖേദകരമായ അവസ്ഥയാണ്. ഇതുമൂലം വസ്തുനികുതി ഇനത്തിൽ ലക്ഷങ്ങൾ കുടിശ്ശിക ആകുന്നുണ്ട് . ഡാറ്റാ എൻട്രി അടിയന്തിരമായി പൂർത്തിയാക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

7-രജിസ്റ്ററുകൾ– രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. പ്രധാന നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ/കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. നിലവിൽ വസ്തുനികുതി ഉൾപ്പടെയുള്ള എല്ലാ വരവിനങ്ങളുടെയും യഥാർത്ഥത്തിൽ ലഭിക്കേണ്ടതും, ലഭിച്ചതും, ലഭിക്കാൻ ശേഷിക്കുന്നതുമായ തുകയുടെ കൃത്യത നിർണ്ണയിക്കാൻ സാധിക്കാതെ വരുന്നു.

8-സെക്ഷനുകളുടെ ജോലി നിർവ്വഹണം ശരിയാംവിധം മോണിട്ടർ ചെയ്യുന്നില്ല.

നഗരസഭയിൽ ഓരോ സെക്ഷനും നിർവ്വഹിക്കേണ്ട ജോലികൾ കാര്യനിർവ്വഹണാധികാരികൾ കൃത്യമായി സൂപ്പർവൈസുചെയ്യുന്നില്ല. പരിചയസമ്പന്നരായ മുതിർന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നതല്ലാതെ വിശദാംശങ്ങൾ പരിശോധിക്കുകയോ അപാകത ചൂണ്ടിക്കാണിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ മിക്ക ഫയലുകളും പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടി വരുന്നു. പെൻഷൻ/ഫിക്സേഷൻ എന്നിവയ്ക്ക് കാലതാമസം നേരിടുന്നു. കൂടാതെ സമയബന്ധിതമായി ഒടുക്കേണ്ടുന്ന തുകകൾ ഒടുക്കുന്നതിൽ കാലതാമസം വരുത്തുന്നു. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടയ്ക്കേണ്ടുന്ന ലൈബ്രറി സെസ്സ് തുകകൾ സമയബന്ധിതമായി ഒടുക്കുന്നില്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.11.21 മുതൽ 26.11.21 വരെ | 2019-20 | 04.02.2022 |
| പെർഫോമൻസ് ഓഡിറ്റ് | 12-01-2012 മുതൽ 22-01-2012 വരെ | 2010-11 | 8-04-2012 |

**1-11 വസ്തുനികുതി ഈടാക്കിയതിൽ കുറവ്**

നാട്ടകം നഗരസഭാ സോണൽ ഓഫീസ് പരിധിയിലുള്ള വസ്തുനികുതി അസസ്സ്മെന്റുകൾ പരിശോധിച്ചതിൽ വസ്തുനികുതി ഈടാക്കുന്നതിൽ വന്ന കാലതാമസംമൂലം മുനിസിപ്പാലിറ്റിക്ക് നഷ്ടമുണ്ടായിട്ടുണ്ട്. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം-24 പ്രകാരം ഒരു കെട്ടിടം നിർമ്മിക്കുകയോ, പുതുക്കി പണിയുകയോ ചെയ്തതിനുശേഷം പതിനഞ്ച് ദിവസത്തിനകം നോട്ടീസും വസ്തുനികുതി റിട്ടേണും സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതും ആ അർദ്ധവർഷം മുതൽ നികുതി ഒടുക്കുവാൻ ഉടമസ്ഥൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് നം.ആർ.സി 2/100/2020/ ത.സ്വ.ഭാ.വ 03.05.2020 പ്രകാരം ഓക്യുപ്പെൻസി നൽകുന്ന തീയതി മുതൽ വസ്തുനികുതി ഈടാക്കേണ്ടതാണെന്ന് മേൽ സൂചിപ്പിച്ച ചട്ടം-24 ന് വ്യക്തത വരുത്തി സ്പഷ്ടീകരണവും നൽകിയിട്ടുള്ളതാണ്. അർദ്ധവർഷത്തിന്റെ ഒടുവിലത്തെ രണ്ട് മാസത്തിനുള്ളിൽ മാത്രമാണെങ്കിൽ അടുത്ത വർഷം മുതൽ നികുതി ഈടാക്കാവുന്നതുമാണ്. എന്നാൽ ഇതിനുവിരുദ്ധമായി അടുത്ത സാമ്പത്തിക വർഷം മുതൽ നികുതി ഈടാക്കിയതുമൂലം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നിർമ്മാണ പെർമിറ്റ് നമ്പർ | ഡേറ്റ് ഓഫ് കംപ്ലീഷൻ | നിർണ്ണയിച്ചിട്ടുള്ള അർദ്ധ വാർഷിക വസ്തുനികുതി (ലൈബ്രറി സെസ്സ് ഉൾപ്പടെ) | ഈടാക്കി തുടങ്ങിയ അർദ്ധ വർഷം | ഈടാക്കി തുടങ്ങേണ്ടിയിരുന്ന അർദ്ധ വർഷം | താമസിച്ച് ഈടാക്കി തുടങ്ങിയതു മൂലം ഉണ്ടായ നഷ്ടം |
|---|---|---|---|---|---|---|
| പ്രിൻസ് ജോസഫ്, കണ്ടത്തിൽ ഹൗസ്, പൂവൻതുരുത്ത് | NBA/105/2018 | 30.06.2020 | 1374 | 21-22 രണ്ടാം അർദ്ധവർഷം മുതൽ | 20-21 ആദ്യ അർദ്ധവർഷം മുതൽ | 2748 |
| വിഷ്ണു നമ്പൂതിരി, കുളങ്ങര ഇല്ലം, മങ്കൊമ്പ്.പി.ഒ | NBA/106 /21-22 | 27.05.2021 | 1322 | 2023-24 ആദ്യ അർദ്ധവർഷം മുതൽ | 20-21 ആദ്യ അർദ്ധവർഷം മുതൽ | 5288 |
| കെ.എസ്.കുരുവിള, കുന്നേൽ, | NBA/213 /20-21 | 04.08.2021 | 1056 | 2022-23 രണ്ടാം | 2021-22 രണ്ടാം അർദ്ധവർഷം | 2112 |

| | | | | | | |
|---|---|---|---|---|---|---|
| ചിങ്ങവനം | | | | അർദ്ധവർഷം മുതൽ | മുതൽ | |
| ബെന്നി എബ്രഹാം, മാൻകുഴിയിൽ | NBA/128 /21-22 | 05.07.2021 | 742 | 2022-23 ആദ്യ അർദ്ധവർഷം മുതൽ | 2021-22 ആദ്യ അർദ്ധവർഷം മുതൽ | 1484 |
| ദേവമണി, ചേറുമ്പാല, | NBA/44 /21-22 | 07.10.2021 | 34709 | 2022-23 രണ്ടാം അർദ്ധ വർഷം മുതൽ | 2021-22 രണ്ടാം അർദ്ധവർഷം മുതൽ | 34709 |
| ആകെ | | | | | | 46341 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/23 തീയതി. 20.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം താമസിച്ച് ഈടാക്കിയതുമൂലമുള്ള നികുതി നഷ്ടം ഉത്തരവാദികളിൽനിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

**1-12 കോട്ടയം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി - കുടിശ്ശിക പിരിക്കുന്നതിൽ വീഴ്ച്ച**

കോട്ടയം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന താഴെചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ദീർഘനാളായി കുടിശിക വരുത്തിയിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം. | മൊബൈൽ ടവർ ഉടമ | കുടിശിക കാലയളവ് |
|---|---|---|---|
| 1 | 17-675A | റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് ജവഹർനഗർ, കടവന്ത്ര | 2013-14 മുതൽ |
| 2 | 19/333C9 | എയർടെൽ ഇൻഡസ് ടവർ | 2011-12 മുതൽ |
| 3 | 24/37(F) | എം.എസ്സ് വയർലെസ്സ് റ്റി.റ്റി. ഇൻഫോസർവീസ് ലിമിറ്റഡ്, ഇടപ്പള്ളി | 2009-10 രണ്ടാം അർദ്ധവർഷം മുതൽ കുടിശിക |
| 4 | 11/126(1) | മാനേജർ, വൊഡാഫോൺ സെല്ലുലാർ ലിമിറ്റഡ് | 2015-16 മുതൽ |
| 5 | 19/676A | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, ഓസ്വാൾ ബിൽഡിംഗ്, കോടിമത | 2019-20 മുതൽ |
| 6 | 697/A | M/S ഭാരത് ടെലി വെൻചേർസ് ഇൻഡസ് ടവർ ലിമിറ്റഡ് | 2020-21 മുതൽ |
| 7 | 14/568A | ജി.എം ടെലികോം സെന്റർ .കോട്ടയം | 2021-22 മുതൽ |
| 8 | 12/356B7(1) | M/sറിലയൻസ് ഇൻഫോടെക് പ്രൈവറ്റ് ലിമിറ്റഡ്,38/628, എ&പി ആർക്കേഡ്, എസ്സ്.എ റോഡ്, കൊച്ചി | 209-10മുതൽ |
| 9 | 12/356B8(1) | ടാറ്റാടെലി സർവ്വീസസ് വയർലെസ്സ് | 2005-06മുതൽ |

| | | | |
|---|---|---|---|
| | | റ്റി.റ്റി, J&co ചേംബേഴ്സ്, 1st ഫ്ലോർ | |
| 10 | 356B9(1) | ബിജു റ്റി നായർ, ഡി.ജി.എം ഇൻഡസ് ടവർ ലിമിറ്റഡ് | 2018-19മുതൽ |
| 11 | 8/322-I(13/550) | M/S ഐഡിയാ സെല്ലുലാർ ലിമിറ്റഡ് .3rd ഫ്ലോർ, മാവേലിപുരം, തൃക്കാക്കര | 2016-17 മുതൽ |
| 12 | 18/471 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്,. 8th ഫ്ലോർ, വെൻകരേത്ത് ടവേഴ്സ്, പാലാരിവട്ടം | ടാക്സ് റിവിഷൻകുടിശിക 2016-17 മുതൽ 2020-2021വരെ, 2021-22 മുതൽ2022-23വരെ |
| 13 | 17/109A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്,. 8th ഫ്ലോർ, വെൻകരേത്ത് ടവേഴ്സ്, പാലാരിവട്ടം | 2021-22 രണ്ടാം അർദ്ധവർഷം മുതൽ |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച് 13-11-23ൽ ഓഡിറ്റ് എൻക്വയറി നം.25 മുഖേന ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കുടിശ്ശിക ഒടുക്കാനുള്ള എതാനും ടവറുകളുടെ വിവരങ്ങൾ മാത്രമെ ലഭിച്ചിട്ടുള്ളു. 'സഞ്ചയ'യിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പ്രകാരം നഗരസഭാ പരിധിയിൽ ഉള്ള ആകെമൊബൈൽ ടവറുകളുടെ എണ്ണം36 ആണ്. കുടിശിക വരുത്തിയ ടവറുകളുടെ എണ്ണം, വാർഷിക വസ്തുനികുതി, നിലവിൽ ഒടുക്കാനുള്ള കുടിശിക എന്നിവയുടെ വിവരങ്ങൾ പൂർണ്ണമായി ലഭ്യമല്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കുടിശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-13 സേവന ഉപനികുതി ഈടാക്കുന്നത് അശാസ്ത്രീയമയി-മുനിസിപ്പാലിറ്റിക്ക് വരുമാന നഷ്ടം**

കോട്ടയം നഗരസഭയിൽ 20.06.2014 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം സർക്കാർ ഓഫീസ് കെട്ടിടങ്ങൾക്ക് മാത്രമാണ് സേവന ഉപനികുതി ചുമത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. നഗരസഭയിലെ വസ്തുനികുതി ചുമത്താവുന്ന എല്ലാ കെട്ടിടങ്ങൾക്കും സേവന ഉപനികുതി പിരിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ സർക്കാർ കെട്ടിടങ്ങൾക്ക് മാത്രമായി സേവന ഉപനികുതി ഈടാക്കുവാൻ സാധ്യമല്ല. അതിനാൽ സർക്കാർ കെട്ടിടങ്ങളുടെ സേവന ഉപനികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയല്ല പിരിക്കുന്നത്. നിലവിൽ സർക്കാർ ഓഫീസുകളുടെ സേവന ഉപനികുതി ചേർത്തുള്ള ഡിമാന്റ് മാനുവലായി തയ്യാറാക്കിയാണ് അയക്കുന്നത്. 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ, (ചട്ടം-26, 27) പ്രകാരം ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവയ്ക്ക് യഥാക്രമം വസ്തു നികുതിയുടെ 4, 3, 2, 1 എന്നീ ശതമാനത്തിൽ സേവന ഉപനികുതി ഈടാക്കാമെന്നിരിക്കെ സർക്കാർ കെട്ടിടങ്ങളിൽ നിന്നുമാത്രം സേവന ഉപനികുതി ഈടാക്കുന്നത് നഗരസഭയ്ക്ക് ലഭ്യമാകേണ്ട തനത് വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തുന്നു. ഇതോടൊപ്പം തന്നെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ കാര്യത്തിൽ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്ക് സർചാർജ്ജും ഈടാക്കാവുന്നതാണ്.

**1-14 നാട്ടകം മേഖലാ ഓഫീസ് - 2022-23 വർഷം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ**

2022-23 വർഷം നാട്ടകം മേഖലാ ഓഫീസിന്റെ പരിധിയിലുള്ള താഴെപറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് രേഖപ്പെടുത്തിയിട്ടുമില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കേളചന്ദ്ര എച്ച്.പി പമ്പ്, ചിങ്ങവനം |
| 2 | കേളചന്ദ്ര ഗിയേഴ്സ്, ചിങ്ങവനം |
| 3 | കേളചന്ദ്ര അയൺ & സ്റ്റീൽ, ചിങ്ങവനം |
| 4 | ക്ലീമിസ് സ്കൂൾ, ചിങ്ങവനം |
| 5 | അമല സൂപ്പർ മാർക്കറ്റ് |
| 6 | ബഡി ടെക്നോളജി, ചിങ്ങവനം |
| 7 | സപ്ലൈകൊ ചിങ്ങവനം |
| 8 | കേളമംഗലം സിൽക്സ്, ചിങ്ങവനം NCS |
| 9 | NCS ഓട്ടോ ക്രാഫ്റ്റ് പ്രൈവറ്റ് ലിമിറ്റഡ്, പള്ളം |
| 10 | ഹെർക്കുലീസ് ഓട്ടോ മൊബൈൽസ്, മാരുതി സർവീസ് സെന്റർ ചിങ്ങവനം |
| 11 | കോമറ്റ് എക്സ്പോർട്ട് യൂണിറ്റ്-2 പാക്കിൽ |
| 12 | KSEB എംപ്ലോയീസ് കോപ്പറേറ്റീവ് സൊസൈറ്റി, പാക്കിൽ |
| 13 | സെന്റ് പോൾസ് പബ്ലിക്ക് സ്കൂൾ, പള്ളം |
| 14 | ഹോട്ടൽ സാപ്പ് |
| 15 | മഡോണ മാർബിൾസ്, പള്ളം |
| 16 | ശേഖാവതി ട്രേഡേഴ്സ്, നാട്ടകം |
| 17 | നാഷണൽ ഇലക്ട്രിക്കൽ കമ്പനി, പവർഹൗസ് ജംങ്ഷൻ, പാക്കിൽ |
| 18 | എലൈറ്റ് അഗ്രോ സ്പെഷ്യാലിറ്റീസ്, നാട്ടകം |
| 19 | ട്രാവൻകൂർ സിമന്റ്സ്, നാട്ടകം |
| 20 | അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്റർ നാട്ടകം |
| 21 | കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് പെട്രോൾ പമ്പ് |
| 22 | ഗ്രീൻ ലീഫ് റെസ്റ്റോറന്റ്, മണിപുഴ |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടോ എന്നുള്ള വിവരം പരിശോധിക്കുകയും വിവരം ഓഡിറ്റിൽ അറിയിക്കുകയും ചെയ്യേണ്ടതിനായി ഓഡിറ്റ് എൻക്വയറി നം.14/22-23/19-10-23 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. ഈ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-15 നാട്ടകം മേഖലാ ഓഫീസ് - 2022-23 വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ**

2022-23 വർഷം നാട്ടകം മേഖലാ ഓഫീസിന്റ പരിധിയിലുള്ള താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | വാർഡ് നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ഒടുക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|
| 1 | 4 | ഹെവിയ എഞ്ചിനിയറിംഗ് ടെക്നോളജി, | 1&2 | 1250 |
| 2 | | കെ.യു. വിജയൻ, ലൈലമന്ദിരം വിജയാ സ്റ്റോർസ് | 1&2 | 600 |
| 3 | | ജയിംസ് ജോസഫ്, തോട്ടത്തിൽ ജെ.ജെ കെമിക്കൽസ് | 1&2 | ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി യിട്ടില്ല |
| 4 | | മുരുകൻ, മീനാക്ഷി ലോട്ടറീസ് | 1&2 | ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി യിട്ടില്ല |
| 5 | | രാജൻ കാരായിൽ, കാരായിൽ ചിറ്റ്സ് | 1&2 | 600 |
| 6 | | ബീന ബിജു ,ഓപ്പൺ ഫ്ലെയിംസ് | 1&2 | 1250 |
| 7 | | പ്രീയാ തോമസ് ,തേങ്ങാത്തറ എവർ ഗ്രീൻ ബ്യൂട്ടി പാർലർ | 1&2 | 450 |
| 8 | | രാജീവ് കൃഷ്ണദാസ്, ഹോട്ടൽ | 1&2 | 600 |
| 9 | | രാജേഷ് ജീവദാസ് , ഇൻഡസ് മോട്ടോർസ്, ലൈറ്റ് കൊമേഴ്സ്യൽ വെഹിക്കിൾസ് | 1&2 | 1250 |
| 10 | | ഷീബ ജോണി ജോൺസ് ഫാഷൻസ് &ടെയ് ലറിംഗ് | 1&2 | ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി യിട്ടില്ല |
| 11 | | ശ്രീജിത്ത് രാജ് റ്റി.എൻ തെക്കേടത്ത് ,എസ്സ്.ആർ വെഡ്ഡിംഗ് കാർഡ്സ് | 1&2 | 450 |
| 12 | | ലീന ബെന്നി എ.ബി ട്രേഡേഴ്സ്,റബർ പൊടി | 1&2 | 1250 |

| | | | | |
|---|---|---|---|---|
| 13 | | രതീഷ്, എസ്സ് ബി.ആർ.ബി റബേഴ്സ്,ചിങ്ങവനം | 1&2 | ഡിമാൻറ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 14 | | നീതു എബ്രഹാം ,കോയിത്തറ കൺസ്ട്രക്ഷൻസ് | 1&2 | 1000 |
| 15 | | പ്രഭാഷ് കെ.ആർ<br>ആർ .എം.വി സർവീസ് സെന്റർ | 1&2 | 600 |
| 16 | | അനിൽ എസ്സ്.ചെറുവള്ളിൽ, ഫർണ്ണീച്ചേഴ്സ് | 1&2 | 750 |
| 17 | | ഏലിയാസ് മാത്യു<br>ശാലോം ഫ്രൂട്സ് &<br>വെജിറ്റബിൾസ് | 1&2 | 450 |
| 18 | | വി.എൻ ഗോപി,<br>ശിൽപി എഞ്ചിനിയറിംഗ് | 1&2 | 450 |
| 19 | | ബിനോ രാജൻ<br>വി.കംപ്യൂട്ടേഴ്സ് | 1&2 | 600 |
| 20 | | ഷിനിൻ എം.കെ, അച്ചായൻസ് ഗോൾഡ് | 1&2 | 1250 |
| 21 | | ബാബു ജോൺ, തേവലക്കര ബാറ്ററീസ് | 1&2 | 600 |
| 22 | | രാജേഷ് കെ.ആർ,<br>കെ.ആർ ടയേഴ്സ് | 1&2 | ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 23 | | ജോജി തോമസ്<br>ഇ&ഇ എന്റർപ്രൈസസ് | 1&2 | 1000 |
| 24 | 5 | പ്രസന്ന കുമാർ ഫോക്കസ് മോട്ടോഴ്സ് | 1&2 | 600 |
| 25 | | ടെസി വർഗീസ്.എം, ഹോളോ ബ്രിക്സ് | 1&2 | 750 |
| 26 | | വിനോദ് കുമാർ. എം<br>പി.സി.ഡി പെസ്റ്റ് കൺട്രോൾ<br>പ്രൈവറ്റ് ലിമിറ്റഡ് | 1&2 | 1250 |
| 27 | | അനീഷ് എം.എസ്സ്<br>ലെവീസ് ഹോം അപ്ലയൻസസ് | 1&2 | 1250 |

| | | | | |
|---|---|---|---|---|
| 28 | | ഫ്രാൻസിസ് ഡിവൈസസ് ഡിസ്ട്രിബ്യൂട്ടേഴ്സ് | 1&2 | 1250 |
| 29 | | സി.സി മത്തായി ചെറുവേലിൽ ഫോർ വീലേഴ്സ് | 1&2 | 1250 |
| 30 | | അർജ്ജുൻ കെ സോമൻ പതിയിൽപറമ്പിൽ എ.സി സെയിൽസ് &സർവീസ് | 1&2 | 600 |
| 31 | | സാജൻ സേവ്യർ, മാർസ് കളർ വേൾഡ് | 1&2 | 1250 |
| 32 | | എം അർ അനിൽകുമാർ എസ്സ് .കെ. ഓട്ടോമൊബൈൽസ് | 1&2 | 600 |
| 33 | | ഹാരീസ്. സി റ്റി.സി. ബിൽഡ് വെയർ | 1&2 | 1250 |
| 34 | | ആശാ റജികുമാർ ഐശ്വര്യാ ബ്യൂട്ടി പാർലർ | 1&2 | 1250 |
| 35 | 6 | സ്വപ്ന ചന്ദ്രൻ, ഉള്ളാട്ടുമറ്റത്തിൽ ബിരിയാണി | 1&2 | 750 |
| 36 | | നിഹാസ് മുസ്ഥഫ ബഷീർ മേലത്തെകുടിയിൽ Istrox Acedamy Arcade | 1&2 | 1250 |
| 37 | | ഡോ.ആൻ എൽദോസ് പുത്തൻപുരയിൽ ആയുർ സ്പാള്ഷ് ആയുർ വേദിക്ക് വെൽനെസ്സ് സെന്റർ | 1&2 | 1250 |
| 38 | | പൊന്നമ്മ ദിവാകരൻ വലിയപറമ്പിൽ ഗാലക്സി മൊബൈൽസ് | 1&2 | 750 |
| 39 | | സോവിയറ്റ് സഖറിയ ഗോൾഡൻ റോയൽ അംബ്രല്ലാ പ്രോഡക്റ്റ് | 1&2 | 750 |
| 40 | | സൈജു. ജി, ശ്രീലക്ഷ്മി ബാങ്കേഴ്സ് | 1&2 | 1250 |
| 41 | | ജയപ്രകാശ് കംപ്യൂട്ടർ സർവീസസ് Graphics&dtp Works | 1&2 | 450 |

| | | | | |
|---|---|---|---|---|
| 42 | | ഷിജു മാത്യു<br>കൊച്ചുകരോട്ട്<br>Sisson Biogas &Power Systems | 1&2 | 750 |
| 43 | | റ്റിജോ കുര്യൻ<br>സാറാ വിഷൻ | 1&2 | 750 |
| 44 | | പി.കെ മോഹനകുറുപ്പ്<br>ARD-364 റേഷൻ കട | 1&2 | 600 |
| 45 | | അരുൺജോസഫ്<br>മെഡികെയർ ഡിസ്ട്രിബ്യൂട്ടർ | 1&2 | 600 |
| 46 | | മഞ്ജു ഷിജു<br>മൂലം കുളം ഹാലേബ് ബ്യൂട്ടി പാർലർ | 1&2 | 450 |
| 47 | | ജോൺ ഈശോ<br>Shalons Sale | 1&2 | 450 |
| 48 | | ജിയോ ജോസഫ്<br>സിഗ്മ ഇന്റർനാഷണൽ | 1&2 | 600 |
| 49 | | ജിജോ റ്റി തോമസ്,<br>ജോയ്സ് ഫിഷറീസ് | 1&2 | 1000 |
| 50 | 7 | സോമനാഥ് കെ.എ,<br>നെല്ലിക്കൽ ഇൻഡസ്ട്രീസ്<br>തടിമിൽ. ബുക്കാന | 1&2 | 1250 |
| 51 | | പി.കെ സാബു<br>പുതുപറമ്പിൽ<br>അന്ന ഏജൻസീസ്<br>കരിമ്പും കാലാ ജംഗ്ഷൻ | 1&2 | 1250 |
| 52 | | ജേക്കബ് സിസിൽ എബ്രഹാം<br>ഒറ്റത്തെക്കൽ,<br>ജേക്കബ് ഡെന്റൽ ലാബ് | 1&2 | 1250 |
| 53 | | പ്രദീപ് കുമാർ പി.ജി<br>പതിനെട്ടിൽ ചിറ<br>പവർ ടെക് ഇലക്ട്രിക്കൽസ് | 1&2 | ഡിമാൻ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 54 | | ജയമോൾ എബ്രഹാം<br>ഗോൾഡൻ ഷീൽഡ്സ് | 1&2 | 600 |

| | | | | |
|---|---|---|---|---|
| 55 | | അനിൽകുമാർ പി.ജി<br>എക്സ്പെല്ലർ യൂണിറ്റ് | 1&2 | 750 |
| 56 | | ബിന്ദു പ്രസാദ്<br>സിറ്റി കാഴ്സ് | 1&2 | ഡിമാൻറ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 57 | 8 | ഹരികൃഷ്ണൻ രാമചന്ദ്രൻ<br>ദേവദേയം ഓർഗാനോഫാം | 1&2 | 600 |
| 58 | 9 | രാധാകൃഷ്ണൻ,<br>ജനറൽ സ്റ്റോർസ് | 1&2 | 600 |
| 59 | | അനിൽജോൺ,<br>കാവുംകമൂലയിൽ<br>ജോയൽ പ്രസ് | 1&2 | 1250 |
| 60 | | പോൾദുരൈ, കോൺട്രാക്ടർ | 1&2 | 1250 |
| 61 | | കെ.കെ അനിരുദ്ധൻ<br>കൊച്ചുകളപ്പുരക്കൽ | 1&2 | 1250 |
| 62 | | അരുൺ കുമാർ, അഞ്ജലി,<br>കോൺട്രാക്ടർ | 1&2 | 1250 |
| 63 | | ശ്രീകല. ആർ<br>മോംസ് ഹോട്ടൽ | 1&2 | 1250 |

മേൽ പറഞ്ഞ സ്ഥാപനങ്ങൾ/വ്യക്തികൾ 2022-23 വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ലങ്കിൽ തുടർ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിൽ ഹാജരാക്കുന്നതിനായി എൻക്വയറി നം.15/22-23/19-10-23 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-16 2022-23 വർഷത്തേക്ക് -ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

| ക്രമ നം | വാർഡ്/കെട്ടിട നം(പുതിയത്) | സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 8/66 | കൊച്ചിട്ടി അബ്രഹാം<br>തെക്കേക്കരയിൽ<br>ഓഴത്തിൽ ലെയ്ൻ | സോഡാ നിർമ്മാണം |
| 2 | 8/13 | കെ.എം ഇബ്രാഹിം,<br>കന്നിട്ടപറമ്പിൽ<br>താഴത്തങ്ങാടി | ടൂർസ് & ട്രാവൽ സർവീസ് |
| 3 | 8/398 | പോൾ വർഗീസ് | ഫോട്ടോസ്റ്റാറ്റ് |

| | | | |
|---|---|---|---|
| | | കരിശിങ്കൽ മാങ്ങാനം | ഡി.റ്റി.പി |
| 4 | 8/399 | ഏലിയാമ്മ കുരുവിള പെരുംപള്ളിൽ പാറമ്പുഴ | കോഫിബാർ കൂൾബാർ |
| 5 | 8/402B | രാധിക കെ.എ | ദേവൂസ് കോഫി ലോഗോസ് ജംഗ്ഷൻ |
| 6 | 8/430 | മേരി ചെറിയാൻ, കൈതത്തറ, മണർകാട്, കോട്ടയം | ഫോട്ടോസ്റ്റാറ്റ് ഡിറ്റിപി,ഡോക്യുമെന്റേഷൻ |
| 7 | 8/430 | സമിത വിജി,സ്മിത ജോർജ് നെടുംപറമ്പിൽ,അയർക്കുന്നം | ഭക്ഷ്യ വസ്തുക്കൾ, ഗിഫ്റ്റ് ഐറ്റംസ്, കോസ്മെറ്റിക്സ്, ഇലക്ട്രോണിക്ക് സാധനങ്ങൾ |
| 8 | 8/653B | തോമസ്.എം.ഒ മംഗലത്തുകരി, ചേർത്തല | മോഡേൺ ബേക്സ്&ഫ്രൂട്സ് |

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മേൽ പറഞ്ഞ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാത്തതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 16/22-23/19-10-23 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എങ്കിൽ ആയതിനു ഇടയായ സാഹചര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-17 IFTE& OS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

കോട്ടയം നഗരസഭാ പരിധിയിൽ (സെൻട്രൽ സോണിൽ) പ്രവർത്തിക്കുന്ന എല്ലാ കള്ളുഷാപ്പുകൾ, ക്ഷീരസഹകരണ സംഘങ്ങൾ, റീട്ടെയിൽ റേഷൻ ഡിപ്പോകൾ എന്നീ സ്ഥാപനങ്ങൾ ലൈസൻസെടുത്താണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കേണ്ടതാണെന്നും ലൈസൻസെടുത്തിട്ടില്ലെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സെൻട്രൽ സോണിലെ 3 കള്ളുഷാപ്പുകളും 8 റേഷൻ കടകളിൽ 7 എണ്ണവും ലൈസൻസെടുത്തിട്ടില്ലെന്നും ക്ഷീരസഹകരണ സംഘങ്ങൾ നിലവിലില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ടി വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നും മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളെ കൂടി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-18 ലൈസൻസ് ഫീസ്-സത്യവാങ്മൂലത്തിന്റെ കൃത്യത പരിശോധിക്കുന്നില്ല**

നാട്ടകം മേഖലാ കാര്യാലയത്തിലെ ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. ഇവിടെ സമർപ്പിച്ചിരിക്കുന്ന പല അപേക്ഷകളിലെയും സത്യവാങ്മൂലത്തിൽ വാർഷിക മൂലധനനിക്ഷേപം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ

പല അപേക്ഷകളുടേയും സത്യവാങ്മൂലത്തിന്റെ കൃത്യത പരിശോധിക്കാതെയാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. ബൃഹത് സംരംഭങ്ങളായ ചില സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വ്യാപാരത്തിന്റെ വിശദാംശങ്ങൾ | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | റോയൽ മോട്ടോഴ്സ്, റോയൽ ടവർ, നാട്ടകം, കോട്ടയം | ടൂവീലർ ഷോറൂം, സർവീസിംഗ് &റിപ്പയറിംഗ് | 25ലക്ഷം രൂപ | 5000/- | സത്യവാങ്മൂലം ഇല്ല. |
| 2 | ഇൻഡസ് മോട്ടോഴ്സ് കമ്പനി, പ്രൈവറ്റ് ലിമിറ്റഡ്, നാട്ടകം, കോട്ടയം | ഓട്ടോമൊബൈൽ& റിപ്പയർ സെന്റർ | 100 ലക്ഷം (സത്യവാങ് മൂലം) | 5000/- | സത്യവാങ്-മൂലത്തിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്. |
| 3 | റോയൽ കാഴ്സ്, നാട്ടകം, കോട്ടയം | യൂസ്ഡ് കാർ ഷോറൂം | 12 ലക്ഷം | 1000/- | സത്യവാങ്-മൂലത്തിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്. |
| 4 | ഇൻഡസ് മോട്ടോഴ്സ്കമ്പനി, പ്രൈവറ്റ്ലിമിറ്റഡ്, മണിപ്പുഴ, നാട്ടകം,കോട്ടയം | സ്പെയർ പാർട്സ് സംഭരണം | 50 ലക്ഷം | 5000/- | സത്യവാങ്-മൂലത്തിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്. |

മേൽ സൂചിപ്പിച്ചിരിക്കുന്ന ഉദാഹരണങ്ങളിൽ ഒന്നാമത്തേതിൽ സത്യവാങ്മൂലം ഇല്ലാതെ എപ്രകാരമാണ് ലൈസൻസ് ഫീസ് കണക്കാക്കിയിരിക്കുന്നത് എന്ന് വ്യക്തമാക്കേണ്ടതാണെന്നും 2മുതൽ 4 വരെയുള്ള ഉദാഹരണങ്ങളിലെ ബൃഹത് സംരഭങ്ങളുടെ വാർഷിക മൂലധനനിക്ഷേപത്തിന്റെ കൃത്യത പരിശോധിച്ചാണോ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത് എന്നും വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം:19/22-23തീയതി 20.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-19 തിരുവാതുക്കൽ ഷോപ്പിങ്ങ് കോംപ്ലക്സ്- വാടക പിരിവിലെ അപാകതകൾ**

നഗരസഭ-തിരുവാതുക്കൽ സോണിലെ വാടക പിരിവ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുടിശ്ശിക പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്നത്

| ക്രമ നം | ലൈസൻസി | റൂം നം. | ഒടുവിൽ അംഗീകരിച്ച വാർഷിക വാടക | അവസാനമായി വാടക ഒടുക്കിയ മാസം/ വർഷം | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | എ.കെ.നസീമ | 1 | 1620 | 8/2019 | 9/2019 മുതൽ 3/23 വരെ |
| 2 | അബൂബക്കർ | 250A | 4206 | 9/2022 | 10/22 മുതൽ 3/23 വരെ |
| 3 | ശ്രീകുമാർ.എസ് | 250A5 | 2200 | 3/2022 | 4/22 മുതൽ 3/23 വരെ |
| 4 | റെജ്ജ തോമസ് | 250A7 | 1967 | 2/2023 | 3/23 മുതൽ 4/23 വരെ |
| 5 | മത്സ്യഫെഡ്, തിരുവാതുക്കൽ | ലഭ്യമല്ല | 3308 | 12/2022 | 1/23 മുതൽ 3/23 വരെ |
| | ആകെ | | 13301 | | |

2.ഷോപ്പിങ്ങ് കോംപ്ലക്സിന്റെ താഴത്തെ നിലയിലുള്ള റൂം നമ്പർ-89, 92 എന്നിവ നിലവിൽ കെ.എസ്.ഇ.ബിയാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ മുറികൾക്ക് വാടക നിശ്ചയിച്ച് കെ.എസ്.ഇ.ബിയിൽ നിന്നും വാടക ഈടാക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

3.റൂം നം.5 ന്റെ ലൈസൻസിയായ ശ്രീമതി ഷീജാ ഫ്രാൻസിസ് 10/20 മുതൽ 3/23 വരെയുള്ള വാടക കുടിശ്ശിക രസീത് നം.123020100084 തീയതി.27.4.23 ൽ ഒടുക്കിയിട്ടുണ്ട്. വാടക കുടിശ്ശികയോടൊപ്പമുള്ള പീനൽ ഇന്ററസ്റ്റ് 138090 രൂപായിൽ 5811 രൂപ മാത്രമേ ടിയാൾ മേൽ തീയതിയിൽ അടച്ചിട്ടുള്ളു. ബാക്കി നിൽക്കുന്ന 8079 രൂപ അടവാക്കിയതായി കാണുന്നില്ല.

4. 1464 രൂപ പ്രതിമാസ വാടക ഈടാക്കി വന്നിരുന്ന റൂം നം.250A1 കടമുറി 01/2021 മുതൽ ഒഴിഞ്ഞ് കിടക്കുകയാണ്. ടി കടമുറി പുനർലേലം ചെയ്യുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/23 തീയതി.20.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയിനത്തിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകൾ അടിയന്തിരമായി പിരിച്ചെടുക്കേണ്ടതും പരാമർശത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള മറ്റ് അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതുമാണ്.

**1-20 പിരിവ് ഇനങ്ങൾ ലേലം കൊണ്ട വ്യക്തി ലേല തുക പൂർണ്ണമായും ഒടുക്കിയിട്ടില്ല**

2022-23 സാമ്പത്തിക വർഷം മുനിസിപ്പാലിറ്റിയുടെ പിരിവ് ഇനങ്ങൾ ലേലം കൊണ്ട വ്യക്തി ലേല തുക പൂർണ്ണമായും ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലേലം കൊണ്ട ഇനം | ലേലം കൊണ്ട വ്യക്തിയുടെ പേരും വിലാസവും | ലേലം ഉറപ്പിച്ച തുക | അടവാക്കിയ തുക/ രസീത് നം.തീയതി | ബാക്കി |
|---|---|---|---|---|
| ലോറി സ്റ്റാൻഡ് ഫീസ് പിരിവ് | അനിൽകുമാർ.കെ.ജി, കാഞ്ഞിരത്തറ, നാട്ടകം.പി.ഒ കോട്ടയം | 1130000 | 678000 (01/121010800180 Dtd.24.03.22) | 452000/- |
| പഴയ പച്ചക്കറി മാർക്കറ്റ് പാർക്കിങ്ങ് ഫീസ് പിരിവ് | അനിൽകുമാർ.കെ.ജി, കാഞ്ഞിരത്തറ, നാട്ടകം.പി.ഒ കോട്ടയം | 600000 | 360000 (01/12010110378 Dtd.24.03.22) | 240000/- |
| ആകെ | | | | 692000 |

മുനിസിപ്പാലിറ്റിയുടെ ലേല വ്യവസ്ഥകൾ ഇനം-3 അനുസരിച്ച് ലേലത്തിൽ പങ്കെടുക്കുന്നവർ മുഴുവൻ ക്വട്ടേഷൻ/ലേല തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റോ ബാങ്ക് ഗ്യാരന്റിയോ ഹാജരാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ടി വ്യക്തി ഇപ്രകാരമുള്ള സോൾവൻസി സർട്ടിഫിക്കറ്റോ ബാങ്ക് ഗ്യാരന്റിയോ ലഭ്യമാക്കിയിതായി കാണുന്നില്ല.

ലേല നിബന്ധന അനുസരിച്ച് ക്വട്ടേഷൻ തുറന്ന് ലേലം ഉറപ്പിക്കുന്ന വ്യക്തി 5 ലക്ഷം വരെയുള്ള തുക ലേല ദിവസം തന്നെ രൊക്കം പണമായി ഒടുക്കേണ്ടതും 5 ലക്ഷത്തിനുമേൽ മുകളിൽ ലേലതുകയാകുന്ന ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല തുകയുടെ 50% അന്നേദിവസം ഒടുക്കേണ്ടതും ബാക്കി രണ്ട് തവണകളായി യഥാക്രമം ജൂൺ 30 നും സെപ്റ്റംബർ 30 നും മുൻപായി ഒടുക്കേണ്ടതുമാണ്. എന്നാൽ സമയബന്ധിതമായി തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

ലഭിക്കുവാൻ ബാക്കിനിൽക്കുന്ന ലേല തുക റെവന്യൂ റിക്കവറി നടപടികളിലൂടെ അടിയന്തിരമായി ടി വ്യക്തിയിൽനിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. അത് സാധിക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരായ റെവന്യൂ ഓഫീസർ, സെക്രട്ടറി എന്നിവരിൽ നിന്നും തുക ഈടാക്കി നഷ്ടം നികത്തേണ്ടതാണ്

**1-21 തിരുനക്കര മൈതാനം പാട്ടകുടിശിക നഗരസഭക്കു വൻ ബാധ്യത**

കോട്ടയം ജില്ലാകളക്ടറുടെ 2/7/22 ലെ L3-37976/2000 നം. കത്ത് പ്രകാരം 25-7-2005 മുതൽ

31-3-22 വരെയുള്ള പാട്ടകുടിശിക നിർണ്ണയിച്ചത് 35179164/-രൂപ സർക്കാരിലേക്ക് അടക്കുന്നതിന് ഡിമാന്റ് ചെയ്തിട്ടുണ്ട്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ ഇത്രയും ഭീമമായ തുക അടക്കാൻ നഗരസഭക്കു കഴിയുകയില്ല. വളരെ കുറഞ്ഞ തുകക്കാണ് വിവിധ രാഷ്ട്രീയ സാമുദായിക സാംസ്കാരിക സംഘടനകൾക്ക് തിരുനക്കര മൈതാനം വാടകക്ക് നല്കുന്നത്. മൈതാനം പരിപാലിക്കുന്നതിനായി ലക്ഷകണക്കിനു രൂപ ചെലവഴിക്കുന്നുണ്ട്. ആയതിനാൽ 3 വർഷം മുൻപ് വരെയുള്ള പാട്ട കുടിശിക ഒഴിവാക്കുന്നതിനും നാളിതുവരെ നഗരസഭ ഒടുക്കിയ തുക മുതലിലേക്ക് വരവ് വെച്ച് പലിശ ഒഴിവാക്കുന്നതിനും ടി ഭൂമി നഗരസഭയ്ക്ക് പതിച്ചു നല്കുന്നതിനുമുള്ള നടപടികൾക്കായി ഉത്തരവുണ്ടാകാൻ PW5-18889/12/തീയതി 17-11-22 മുഖാന്തരം കത്ത് നല്കി. കോട്ടയം തഹസിൽദാരുടെ (ആർ.ആർ) 2/2/23 ലെ 2019/137/205/66 നം. കത്ത് പ്രകാരം റിക്കവറി തുക 20 തുല്യ ഗഡുക്കളായി പ്രതിമാസം 481615/-രൂപ വീതം ഒടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി തുക 3/23 മുതൽ ഒടുക്കി തുടങ്ങിയിട്ടുണ്ട്. പാട്ടതുകയായി വലിയ തുക നഗരസഭയ്ക്ക് ഒടുക്കേണ്ടി വരുന്ന സാഹചര്യത്തിൽ തിരുനക്കര മൈതാനത്തിന്റെ നിലവിലുള്ള വാടകനിരക്കുകൾ വർദ്ധിപ്പിച്ച് വരുമാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-22 മുനിസിപ്പാലിറ്റിയുടെ ഓൺഫണ്ട് അക്കൗണ്ടുകളുടെ നീക്കിബാക്കി കൃത്യമല്ല**

മുനിസിപ്പാലിറ്റിയുടെ കുമാരനെല്ലൂർ, നാട്ടകം സോണൽ ഓഫീസുകളുടെ തനത് ഫണ്ട് അക്കൗണ്ടുകൾ (SBT- LC- Kumaranellor& Nattakam), (SBT-OF- Kumaranellor & Nattakam) പരിശോധിച്ചതിൽ 22-23 വാർഷിക ധനകാര്യ പത്രിക RP-40(b) പ്രകാരം ആദ്യ അക്കൗണ്ടിന്റെ നീക്കിബാക്കി -359250 രൂപായും രണ്ടാമത്തെ അക്കൗണ്ടിന്റെ നീക്കിബാക്കി -59630969 രൂപയുമാണ്. ഈ അക്കൗണ്ടുകൾ നിലവിൽ കൃത്യമായ റിക്കൺസിലിയേഷന് വിധേയമാകുന്നില്ല. തനത് വരുമാനം വരുന്ന അക്കൗണ്ടുകളിലെ നീക്കിബാക്കി എങ്ങനെ മൈനസ് ഫിഗറായി എന്ന് പരിശോധിച്ചതിൽ ഈ അക്കൗണ്ടുകളിൽ വന്നിട്ടുള്ള പല ട്രാൻസാക്ഷനുകളും കൃത്യമായി അക്കൗണ്ട് ചെയ്യുവാൻ സാധിക്കുന്നില്ലെന്ന് വ്യക്തമായി. വസ്തുനികുതി സംബന്ധിച്ച ഫോം-6 ഡാറ്റാ എന്‌ട്രി പൂർണ്ണമായിട്ടില്ലാത്തതിനാൽ വസ്തുനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം മുനിസിപ്പാലിറ്റിയിൽ നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രവാസികൾ കൂടുതലുള്ള മുനിസിപ്പൽ ഏരിയായിൽ പലരും സോണൽ ഓഫീസുകളുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് വസ്തുനികുതി മുൻവർഷങ്ങളിലെ തുക കണക്കിലെടുത്ത് നേരിട്ട് അടവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇപ്രകാരം കൃത്യമായ ഡിമാന്റ് ഇല്ലാതെ അടച്ച തുകകൾ ഏത് ഹെഡ്ഡിലേക്കാണന്നോ ഏത് വർഷത്തേക്കാണന്നോ വേർതിരിച്ചെടുക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ഈ അക്കൗണ്ടുകളിലെ മുൻകാല ട്രാൻസാക്ഷനുകൾ വിശദമായി പരിശോധിക്കേണ്ടതും ലഭ്യമായ വിവരങ്ങൾവെച്ച് വരവുകൾ വേർതിരിച്ചെടുത്ത് യഥാർത്ഥ ഹെഡ്ഡുകളിലേക്ക് മാറ്റി അക്കൗണ്ടിന്റെ ബാലൻസ് കൃത്യമാക്കേണ്ടതാണ്.

**1-23 നഗരസഭയിലെ സ്ഥിര നിക്ഷേപങ്ങൾ വിശദാംശങ്ങൾ ലഭ്യമല്ല**

നഗരസഭയുടെ 2022-23 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം (B-12ഷെഡ്യൂൾ) താഴെ ചേർക്കും പ്രകാരം സ്ഥിരനിക്ഷേപമുണ്ട്.

| | |
|---|---|
| ഇൻവെസ്റ്റ്മെന്റ്സ് -സ്റ്റേറ്റ് ഗവൺമെന്റ് | 873530 |

| | |
|---|---|
| സെക്യൂരിറ്റീസ് | |
| ഇൻവെസ്റ്റ്മെന്റ്സ്-ഇക്വിറ്റി ഷെയേഴ്സ് | 5000000 |
| | 5873530* |

* ( 2020-21, 2021-22) ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം (B-12ഷെഡ്യൂൾ) സ്ഥിരനിക്ഷേപതുക മേൽ പ്രസ്താവിച്ച പ്രകാരം തന്നെയാണ്). ഷെയറിന്റെ മൂല്യം, ലാഭവിഹിതം ലഭിച്ചുണ്ടെങ്കിൽ ആയതിന്റെ നിവരം എന്നിവ സംബന്ധിച്ച നിവരങ്ങൾ ലഭിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. -37/22-23തീയതി 20/11/23 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. സ്ഥിരനിക്ഷേപവുമായി ബന്ധപ്പെട്ട രേഖകൾ ലഭിച്ചിട്ടില്ല. സ്ഥിരനിക്ഷപം സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട പാസ് ബുക്കുകൾ / അനുബന്ധ രേഖകൾ സഹിതം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

**1-24 ഡിപോസിറ്റ് റീഫണ്ട്- അധിക തുക റീഫണ്ട് ചെയ്തു**

മാമ്മൻ മാപ്പിള ഹാൾ ബുക്ക് ചെയ്തയിനത്തിൽ 2021-22 വർഷം ശ്രീ.മുരുകേശൻ പാണ്ടി എസ്. എന്ന വ്യക്തി താഴെ ചേർത്തിരിക്കും പ്രകാരം തുക നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്.

| രസീത് നംപർ | ഇനം | തുക |
|---|---|---|
| 01/21010105472/3.11.2021 | ടൗൺ ഹാൾ വാടക | 33000 |
| | യൂസർചാർജ്ജ് | 2200 |
| | CGST | 3168 |
| | SGST | 3168 |
| ആകെ | | 41536/- |
| 01/21010105473/3.11.2021 | ഡിപ്പോസിറ്റ് തുക | 10000/- |

എന്നാൽ ബുക്കിങ്ങ് കാൻസൽ ചെയ്തതിനേത്തുടർന്ന് വാടകയിനത്തിലുള്ള തുകയിൽ നിന്നും CGST, SGSTഎന്നിവ ഒഴികെ 35200/- രൂപ വൌച്ചർ നം. 119-04/22 (ചെക്ക് നം.040542/26.04.2022 ) പ്രകാരവും ഡിപ്പോസിറ്റ് ഇനത്തിൽ 15000/- രൂപ വൌച്ചർ നം. 120-04/22 (ചെക്ക് നം. 034439/26.04.2022 ) പ്രകാരവും തിരികെ നൽകിയിട്ടുണ്ട്. ഡിപ്പോസിറ്റ് ഇനത്തിൽ 5000/- രൂപ അധികം നൽകിയിരിക്കുന്നു. ഇപ്രകാരം അപാകതയുണ്ടായതിന്റെ കാരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 6/09.08.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നൽകിയ 5000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**1-25 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണോദ്യോഗസ്ഥനായി തുക വകയിരുത്തിയ അഞ്ച് പദ്ധതികളിൽ ഒന്നുപോലും നടപ്പിലാക്കിയില്ല**

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണോദ്യോഗസ്ഥനായി രണ്ട് സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പടെ ആകെ അഞ്ച് പദ്ധതികൾക്ക് തുക വകയിരുത്തിയിരുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ അടങ്കൽ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 31 | ബയോഫ്ലോക്ക് മത്സ്യകൃഷി യൂണിറ്റ് | 414000 | 0 |
| 2 | 32 | സുഭിക്ഷ കേരളം-വീട്ടുവളപ്പിലെ മത്സ്യക്കൃഷി | 369000 | 0 |
| 3 | 294 | മുറ്റത്തൊരു മീന്തോട്ടം | 100000 | 0 |
| 4 | 295 | വീട്ടുവളപ്പിൽ പടുതാക്കുളം | 123000 | 0 |
| 5 | 296 | ബയോഫ്ലോക്ക് മത്സ്യകൃഷി | 276000 | 0 |
| ആകെ | | | 1282000 | |

ഈ പദ്ധതികളിൽ ഒന്നുപോലും നടപ്പിലാക്കിയിട്ടില്ല. മുൻവർഷം ക്രമ നം. ഒന്നും രണ്ടുമായി നൽകിയിരിക്കുന്ന രണ്ട് പ്രോജക്റ്റുകളാണ് ഫിഷറീസ് ഇൻസ്പെക്ടർക്ക് ഉണ്ടായിരുന്നത്. ഇവ രണ്ടും മുൻവർഷം നടപ്പാക്കാതെ ഈ വർഷം സ്പിൽ-ഓവറാക്കുകയായിരുന്നു. ഈ സ്പിൽ-ഓവർ പദ്ധതികളും തൻവർഷം നടപ്പാക്കിയിട്ടില്ല. കോട്ടയം മുനിസിപ്പാലിറ്റി പരിധിയിൽ കോടിമത, തിരുവാതുക്കൽ തുടങ്ങിയ മേഖലകളിൽ മത്സ്യ കൃഷിക്ക് അനന്ത സാദ്ധ്യതകൾ നിലനിൽക്കുമ്പോളാണ് ഇപ്രകാരം തുക വകയിരുത്തിയ പദ്ധതികൾ നടപ്പിലാക്കാതെ പദ്ധതിപ്പണം പാഴാക്കി കളയുന്നത്. ഭാവിയിൽ ഈ പ്രവണത ഒഴിവാക്കേണ്ടതും കൃത്യമായ പ്ലാനിങ്ങോടുകൂടി രൂപീകരിക്കുന്ന പദ്ധതികൾ കൃത്യമായി നടപ്പിലാക്കേണ്ടതുമാണ്.

**1-26 14-ാം പഞ്ചവൽസര പദ്ധതി മുന്നൊരുക്ക പ്രവർത്തനങ്ങൾ -നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ**

2022-23 സാമ്പത്തിക വർഷത്തെ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 25-ാം നമ്പർ പ്രോജക്റ്റായ (സ്പിൽഓവർ) 14-ാം പഞ്ചവൽസരപദ്ധതി മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി വികസനഫണ്ടിൽനിന്നും 300000/- രൂപ വകയിരുത്തുകയും 288668/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രോജക്റ്റ് 2021-22 ലെ 17-ാം നമ്പർ പ്രോജക്റ്റായിരുന്നു.

ചെലവിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവു വിവരം | തുക/ബിൽ വിവരങ്ങൾ |
|---|---|---|
| 1 | Zyber Extension, Digiital Signature എന്നിവയ്ക്കു ചെലവായ തുക കൃഷി ഓഫീസർക്ക്നൽകിയത് | 16123<br>6935 **23058** |
| 2 | പൊൻകുന്നം പ്രിന്റിങ് കോ.ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകിയത് | **41490** (വികസന രേഖ പദ്ധതി രേഖ സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റിങ് ചാർജ്ജ് |
| | വിവിധ പത്രങ്ങളിൽപരസ്യം ചെയ്ത ചെലവ് | |
| 3 | കേരള കൗമുദയിൽ " | **6804** (4.3.20ലെ ബിൽ നമ്പർ BLKTM 00075460 പ്രകാരം) |

| | | |
|---|---|---|
| | | *(Bill Reference No. 220801470001012377 87/*23.02.23 |
| 4 | രാഷ്ട്ര ദീപികയിൽ " | **4170** (14.11.2022 ലെ ബിൽ നം.KD22110422 പ്രകാരം) |
| 5 | മംഗളം ദിനപത്രത്തിൽ " | **7497** (27.3.22ലെ ബിൽ നം.MDK8652/2021-22 പ്രകാരം) |
| 6 | മാതൃഭൂമി " | **110040**(14.1.23 *321000102554-78540)* *(Bill Reference No. 220801470001013177 06*/09.03/23) (6.1.19 /321000125713 -8232) (2.2.19/ 321000136882 -7056 ) (27.7.19/321000047061- 6048) (18.9.18/321000078354- 10164) |
| 7 | മലയാള മനോരമ " | **18355** (2.10.22/KG0438001177 -10175) 14.1.23/KK0444011081 -8180) |
| 8 | രാഷ്ട്ര ദീപിക " | **4253** (KD223030276/11.3.23) |
| 9 | മംഗളം ദിനപത്രത്തിൽ പരസ്യം ചെയ്ത ചെലവ് | **9996** (MDK 11138/22-23 /28.6.22) |
| 10 | " | **8747** (MDK 18557/2022-23/15.2.23) |
| 11 | എൻ ജയചന്ദ്രൻ ചീറോത്ത് (മേശ കസേര വാടക) | **2560** |
| 12 | ഗ്രീഷ്മാ ഡിസൈൻസ് , കേരളപുരം അഞ്ചാടിമാളിക(വാർഡ് സഭ നോട്ടീസ്) | **29028** |
| 13 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർക്ക് ഡിജിറ്റൽ സിഗ്നേച്ചർ -ചെലവായ തുക | **4520** |
| 14 | ചായ,കോഫി .. ഇന്ത്യൻ കോഫി ഹൗസിന് നൽകിയതുക | **11350** |
| 15 | ബാനർ-ഉഷസ് ലേസർ സ്റ്റുഡിയോ | **600** |
| 16 | ലൈറ്റ്&സൗണ്ട്സ്- രാജാസ്-രാജൻ പി കുരുവിള | **6200** |
| | ആകെ | **288668** |

ഫയൽ പരിശോധിച്ചതിൽ താഴെചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ പത്രങ്ങളിൽ പരസ്യം ചെയ്തതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട് എന്നാൽ പരസ്യം ചെയ്ത പത്രത്തിന്റെ പകർപ്പുകൾ ഹാജരാക്കിയിട്ടില്ല.

2) ക്രമ നമ്പർ 3,6 എന്നിവ പരിശോധിച്ചതിൽ 21-22, 22-23 വർഷങ്ങളിൽ അല്ലാതെ മുൻ വർഷങ്ങളിലെ പരസ്യങ്ങൾക്കുള്ള ചാർജ്ജ് നൽകിയിരിക്കുന്നതായിക്കണ്ടു. (6804+8232+7056+6048+10164=38304).

3) മുഴുവൻ പ്രിന്റിങ് ജോലികൾക്കുമായി ക്വട്ടേഷൻ ക്ഷണിക്കുന്നതിനു പകരം ഈ പ്രവൃത്തികൾ വിവിധ സ്ഥാപനങ്ങളെക്കൊണ്ട് നടപ്പിലാക്കിയിരിക്കുന്നു.

മേൽ പരാമർശങ്ങൾക്ക് മറുപടി നൽകണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 34/20.11.2023) നൽകിയെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമായില്ല. ആയതിനാൽ പരാമർശവുമായി ബന്ധപ്പെട്ട ചെലവുതുകയായ 240380/-- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-27 പ്രോജക്റ്റ് ഓഫീസർ,നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ നിർവ്വഹണം നടത്തിയ ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ**

| പ്രോജക്റ്റ് നം./പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 1) 164/22-23<br>ലൈഫ് ഭവനപദ്ധതിക്കായി സ്ഥലം വാങ്ങൽ (വ്യക്തികൾ സ്വയം വാങ്ങൽ) | 13,50,000<br>(വികസനഫണ്ട്-പൊതുവിഭാഗം, സാധാരണ വിഭാഗം) | 1080,000<br>(വികസനഫണ്ട് – പൊതുവിഭാഗം, സാധാരണ വിഭാഗം) |

ലൈഫ് മിഷൻ മാർഗ്ഗരേഖകൾ പ്രകാരം സ്ഥലം വാങ്ങൽ/വ്യക്തികൾ സ്വയം വാങ്ങൽ പദ്ധതികളിലുൾപ്പെട്ട വ്യക്തിക്കും അവരുടെ റേഷൻ കാർഡിൽ ഉൾപ്പെട്ട ആർക്കും ഭൂമിയില്ല എന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രവും പരമ്പരാഗതമായി ഭൂമി ലഭിക്കില്ല എന്നുള്ള സത്യവാങ്മൂലവും ഹാജരാക്കേണ്ടതാണ്. എന്നാൽ ലൈഫ് ഭവനപദ്ധതിക്കായി സ്ഥലം വാങ്ങൽ (വ്യക്തികൾ സ്വയം വാങ്ങൽ) പ്രോജക്റ്റ് നം.164/22-23 ഫയൽ പരിശോധിച്ചപ്പോൾ പദ്ധതിയിലുൾപ്പെട്ട ലതി ബിനോയി, കുറ്റിക്കാട്ടുചിറ, ഈരയിൽകടവ് എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡിൽ ലതി ബിനോയി, ഭർത്താവ് കെ.പി.ബിനോയി, ഇവരുടെ കുട്ടികൾ, കെ.പി.ബിനോയിയുടെ പിതാവ് പത്രോസ് എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. ലതി ബിനോയിയുടെ ഭർതൃപിതാവും റേഷൻ കാർഡിൽ ഉൾപ്പെട്ട ആളുമായ പത്രോസിന്റെ പേരിൽ മുട്ടമ്പലം വില്ലേജിൽ ബ്ളോക്ക് 80-ൽ തണ്ടപ്പേർ 11528 പ്രകാരം റീസർവ്വേ നമ്പർ 28/3-ൽ ഉൽപ്പെട്ട 47 ചതുരശ്രമീറ്റർ വസ്തു നിലവിൽ ഉള്ളതാണെന്ന് 08.03.2023 തീയതിയിലെ 174/2023 നമ്പർ സാക്ഷ്യപത്ര പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. റേഷൻ കാർഡിൽ ഉൾപ്പെട്ട ഭർതൃപിതാവിന്റെ പേരിൽ സ്ഥലമുണ്ടായിട്ടും മാർഗ്ഗരേഖക്ക് വിരുദ്ധമായി ടി ഗുണഭോക്താവിനെ പ്രോജക്ടിലുൾപ്പെടുത്തിയതിന്റെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കൂടാതെ പദ്ധതിയിലുൾപ്പെട്ട സജിത. എം, കണിയാട്ടുകാലായിൽ, പെരുമ്പായിക്കാട്, എം.വി. ഷാജി, മങ്ങാട്ടുപടിയിൽ, മൂലവട്ടം എന്നീ ഗുണഭോക്താക്കൾ പരമ്പരാഗതമായി ഭൂമി ലഭിക്കില്ല എന്നുള്ള സത്യവാങ്മൂലം ഹാജരാക്കിയതായി കാണുന്നില്ല. പ്രസ്തുത വിഷയത്തെ അധികരിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം:44/2022-23 തീയതി 23.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.ലൈഫ് മിഷന്റെ ഭൂരഹിത ഭവനരഹിത പദ്ധതിയിൽ സ്വന്തമായി ഭൂമി ഇല്ലാത്തതോ പരമ്പരാഗതമായി ഭൂമി ലഭിക്കാൻ സാദ്ധ്യത ഇല്ലാത്തതോ ആയ ഗുണഭോക്താക്കളെ തിരഞ്ഞെടുത്താൽ മാത്രമേ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

**1-28 വെള്ളക്കരം കുടിശ്ശിക സംയുക്ത പരിശോധന നടത്തിയിട്ടില്ല**

സൂചന -ഫയൽ നം Pw3/pw7/5598/08 Vol-2

കോട്ടയം നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള 26 വാട്ടർ കണക്ഷനുകളുടെ വാട്ടർ ചാർജ് കുടിശിക ഇനത്തിൽ 9165859/-രൂ ഡിമാന്റ് ചെയ്തതിൽ പിഴപലിശയായുള്ള 5288508/-രൂ ഒഴിവാക്കി 3877351/-അടക്കണമെന്ന് ജലഅതോറിറ്റി സൂപ്രണ്ടിങ് എൻജിനിയറുടെ 12/1/23ലെ നം. 04/E2/2023/PHC-KTM കത്ത് മുഖാന്തരം അറിയിയിച്ചിരുന്നു. തുടർന്ന് ജല അതോറിറ്റി സൂപ്രണ്ടിങ് എൻജിനിയറുടെ 13-03-23ലെ നം-04/E2/2023/PHC-KTM കത്ത് മുഖാന്തരം മേൽ തുക 8 തവണകളായി അടക്കണമെന്ന് നിർദ്ദേശിച്ചു. ആയതു പ്രകാരം 8 തവണകളായി 3/23 മുതൽ 11/23 വരെയുള്ള കാലയളവിൽ ഒടുക്കിയിട്ടുണ്ട്.

മേൽ ചെലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നഗരസഭ പരിധിയിൽ ഉള്ള പൊതു ടാപ്പുകളുടേയും നഗരസഭ സ്ഥാപനങ്ങളിലേയും കുടിവെള്ളക്കരം അടക്കുന്നതിനായി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനിയറുടെ കാര്യാലയത്തിൽ നിന്നും ലഭിച്ചത് പിഴപലിശ ഉൾപ്പെടെ വൻ തുകയുടെ ബില്ലുകൾ ആണ്. ഇതിൽ പല കണക്ഷനുകളും നിലവിൽ ഇല്ലാത്തതും ഉപയോഗ രഹിതവുമാണ്. ഉപയോഗ രഹിതമായ കണക്ഷനുകൾ റദ്ദ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സംയുക്ത പരിശോധന നടത്തുന്നതിനു തീരുമാനിച്ചു. അതിനായി പലതവണ യോഗം ചേരുന്നതിനു തീരുമാനിച്ചെങ്കിലും വാട്ടർ അതോറിറ്റിയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കാത്തതുമൂലം യോഗം ചേരുന്നതിന് കാലതാമസം ഉണ്ടായി പിന്നീട് 29/10/22 ന് പിന്നീട് യോഗം ചേർന്നതായി ഫയൽ പരിശോധനയിൽ കാണുന്നു. 29/10/22 ൽ സെക്രട്ടറിയുടെ ചേബറിൽ വെച്ചു നടന്ന യോഗത്തിൽ 4/11/22 ൽ സംയുക്ത പരിശോധന നടത്തുന്നതിനു തീരുമാനിക്കുകയും 01/11/22ലെ PW3/5598/2008 നം. ഉത്തരവ് പ്രകാരം സംയുക്ത പരിശോധനക്കായ് നഗര സഭയിൽ നിന്നും ഉദ്യോഗസ്ഥരെ നിയോഗിച്ചു എങ്കിലും നാളിതുവരെ സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് നല്കിയിട്ടില്ല.

2) നഗരസഭ വാടകക്കു നല്കിയിട്ടുള്ള കെട്ടിടങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവിടങ്ങളിൽ വാട്ടർ ചാർജ് കുടിശികയുള്ളതായി കാണുന്നു. തുടർ നടപടികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട വ്യക്തികൾ കുടിശിക ഒടുക്കിയതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

മേൽപ്രസ്താപിച്ച അപാകതകൾക്ക് വിശദീകരണമുണ്ടെങ്കിൽ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. -28/16-11-23 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ഹാജരാക്കേണ്ടതാണ്.

**1-29 ഉദ്യോഗസ്ഥർ അടയ്ക്കേണ്ട വെള്ളക്കര കുടിശ്ശിക നഗരസഭ ഒടുക്കിയതുമൂലമുള്ള സാമ്പത്തിക ബാദ്ധ്യത- ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്**

മുനിസിപ്പൽ ക്വോർട്ടേഴ്സുകളിലുള്ള 11 വാട്ടർ കണക്ഷനുകളിലെ 2002 മുതലുള്ള വെള്ളക്കരം കുടിശ്ശികയായതിനാൽ പ്രസ്തുത കണക്ഷനുകൾ താൽക്കാലികമായി വിച്ഛേദിക്കുകയാണെന്നറിയിച്ചുകൊണ്ട് കേരള വാട്ടർ അതോറിറ്റി കോട്ടയം നഗരസഭയ്ക്ക് നോട്ടീസ് നൽകി (WW-S1/KTM/10/2012 നമ്പർ കത്ത്) പ്രസ്തുത നോട്ടീസിന്മേൽ കുടിശ്ശിക ഒഴിവാക്കണമെന്നാവശ്യപ്പെട്ട് നഗരസഭ വാട്ടർ അതോറിറ്റിക്ക് അപേക്ഷ നൽകിയെങ്കിലും

പ്രസ്തുത കണക്ഷനുകൾ വിച്ഛേദിച്ച തീയതിവരെയുള്ള കുടിശ്ശിക നഗരസഭ അടക്കണമെന്ന് അറിയിച്ചുമാണ് വാട്ടർ അതോറിറ്റി നഗരസഭക്ക് മറുപടി നൽകിയത്. 11 കണക്ഷനുകളിലായി 110864/- രൂപയാണ് കുടിശ്ശികയായി വാട്ടർ അതോറിറ്റി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കൺസ്യൂമർ നം. | കണക്ഷൻ വിച്ഛേദിച്ച തീയതി | കുടിശ്ശിക തുക |
|---|---|---|---|
| 1 | M14-235D | 18.12.2019 | 13300 |
| 2 | M14-236D | 18.12.2019 | 13160 |
| 3 | M14-237D | 18.12.2019 | 6970 |
| 4 | M14-238D | 18.12.2019 | 6346 |
| 5 | M14-239D | 18.12.2019 | 8091 |
| 6 | M14-240D | 18.12.2019 | 11575 |
| 7 | M14-241D | 07.11.2016 | 8285 |
| 8 | M14-242D | 18.12.2016 | 13241 |
| 9 | M14-243D | 18.12.2019 | 10883 |
| 10 | M14-368D | 07.11.2016 | 10522 |
| 11 | M14-233D | 07.11.2016 | 8491 |
| ആകെ | | | 110864 |

ഈ തുക പ്രസ്തുത ക്വാർട്ടേഴ്സുകളുപയോഗിച്ചിരുന്ന ജീവനക്കാർ ഒടുക്കേണ്ടിയിരുന്ന തുക ആയതിനാൽ അവരുടെ പേരു വിവരം കണ്ടെത്തി അവർക്ക് നോട്ടീസ് നൽകി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിന് റവന്യൂ ഓഫീസർക്ക് 05.08.2021ൽ സെക്രട്ടറി ഉത്തരവ് നല്കിയെങ്കിലും നാളിതുവരെ തുക ഈടാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ വെള്ളക്കര കുടിശ്ശിക നഗരസഭക്ക് അനുവദിച്ച ഗ്രാന്റിൽ നിന്നും സർക്കാർ തന്നെ സോഴ്സ് ഡിഡക്ഷൻ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നഗരസഭ ഒടുക്കിയ തുക പ്രസ്തുത കണക്ഷനുകൾ ഉൾപ്പെടെയുള്ള കുടിശ്ശിക തുകയിൽ സ്വാഭാവികമായും വാട്ടർ അതോറിറ്റി വരവ് വെയ്ക്കുന്നതാണ്. ക്വാർട്ടേഴ്സുകൾ ഉപയോഗിച്ച ജീവനക്കാർ ഒടുക്കേണ്ട തുകയാണ് ഇപ്രകാരം നഗരസഭ ഒടുക്കിയിട്ടുള്ളത് എന്നതിനാൽ മുനിസിപ്പൽ ഫണ്ടിന് നഷ്ടം വന്നിട്ടുണ്ടെന്ന് വ്യക്തമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 56/2023 തീയതി 08.12.2023) നഗരസഭ മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാർ ഒടുക്കേണ്ടിയിരുന്ന തുക ആയതിനാൽ അവരുടെ കാലയളവും പേരു വിവരവും കണ്ടെത്തി നോട്ടീസ് നൽകി ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**1-30 കോട്ടയം നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന പബ്ളിക് ലൈബ്രറികളുടെ പ്രവർത്തനത്തിലെ അപാകതകൾ**

1) മുട്ടമ്പലം മുനിസിപ്പൽ പബ്ലിക്ക് ലൈബ്രറിയെ സംബന്ധിച്ചുള്ള ഫയൽ പരിശോധിച്ചപ്പോൾ ലൈബ്രേറിയൻ, അറ്റൻന്റർ എന്നീ 2 സ്റ്റാഫുകൾക്ക് മാസം തോറും ഓണറേറിയം (ലൈബ്രേറിയൻ-6000/-, അറ്റൻഡർ-4000/-) കൂടാതെ ആനുകാലികങ്ങൾക്കുള്ള തുക എന്നിവ

നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതായി കാണുന്നു. എന്നാൽ ലൈബ്രറിയുടെ വരവ് - ചെലവ് കണക്കുകൾ കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ കോട്ടയം മുനിസിപ്പൽ ഓഡിറ്റിന് ഹാജരാക്കുന്നില്ല. ഇതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം - 60/2022-23 തീയതി 19.12.2023) ക്ക് മറുപടി നൽകിയിട്ടില്ല. മുട്ടമ്പലം മുനിസിപ്പൽ പബ്ലിക്ക് ലൈബ്രറിയിലെ 2 സ്റ്റാഫുകൾക്ക് ഓണറേറിയവും ആനുകാലികങ്ങൾക്കുള്ള തുകയും കോട്ടയം നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിനാൽ ലൈബ്രറിയുടെ വരവ് - ചെലവ് കണക്കുകളും രസീതു പിരിവ് ബുക്കുകളും പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) കോട്ടയം നഗരസഭാ പരിധിയിൽ (സെൻട്രൽ സോണിലും സോണൽ ഓഫീസിനു കീഴിലും) എത്ര മുനിസിപ്പൽ ലൈബ്രറികൾ പ്രവർത്തിക്കുണ്ട് എന്നും കുമാരനെല്ലൂർ പബ്ലിക് ലൈബ്രറി എന്നു മുതലാണ് കോട്ടയം നഗരസഭയ്ക്ക് കീഴിൽ പ്രവർത്തനം ആരംഭിച്ചത് എന്നും ടി ലൈബ്രറിയിൽ എത്ര മെമ്പർമാരുണ്ട് എന്നും മെമ്പർഷിപ്പ് ഫീസ് കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും വായനയ്ക്കു ശേഷം പുസ്തകങ്ങൾ കൃത്യമായി തിരികെ ലഭിക്കുന്നുണ്ടോ എന്നും കുമാരനെല്ലൂർ പബ്ലിക് ലൈബ്രറി യിൽ ഉള്ള ബുക്കുകളുടെ എണ്ണം എത്രയാണ് എന്നും ലൈബ്രറിയിലെ എല്ലാ ബുക്കുകളും അക്സഷൻ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നും 2022-23 സാമ്പത്തിക വർഷം കോട്ടയം നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന പബ്ലിക് ലൈബ്രറികളിലേക്ക് പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ടോ എന്നും പ്രസ്തുത പബ്ലിക് ലൈബ്രറികൾക്ക് ഗ്രാന്റ് ലഭിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഗ്രാന്റ് തുക എങ്ങനെയാണ് വിനിയോഗിക്കുന്നത് എന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 59/22-23 തീയതി 16.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയങ്ങൾ, ആരോഗ്യം,വിദ്യാഭ്യാസം, കല, കായികം സ്റ്റാന്റിങ്ങ് കമ്മിറ്റി കൃത്യമായി പരിശോധിക്കേണ്ടതും വേണ്ട തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്

**1-31 കൃഷി ഭവനിലേയ്ക്ക് കംപ്യൂട്ടർ വാങ്ങൽ-സ്റ്റോർ പർചേസ് മാന്വവൽ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റ് നം | 257/23<br>കൃഷി ഭവനിലേയ്ക്ക് കംപ്യൂട്ടർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 150000/- (മെന്റെനൻസ് ഗ്രാന്റ് നോൺറോഡ്) |
| ചെലവ് | 150000/- |

G.O(P) No. 10/2019/SPD Dtd 22-08-2019 പ്രകാരം സർക്കാർ വകുപ്പുകളും, പൊതുമേഖല സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന (Cprcs) വാങ്ങേണ്ടതാണെന്നുള്ള നിബന്ധന (സർക്കുലാർ നം. ഐ.ടി സെൽ-1/26/2019 വി.സ.വതീയതി 18-03-19) സ്റ്റോർ പർചേസ് മാന്വലിൽ ഖ 7.52 അയി ചേർത്തിട്ടുണ്ട്. ടി പ്രോജക്റ്റിൽ ലാപ്പ് ടോപ്പ് മാത്രം കെൽട്രോണിൽ നിന്നും വാങ്ങി. അനുബന്ധ ഉപകരണങ്ങൾ വിവിധ സ്ഥാപനങ്ങളിൽ നിന്നും നേരിട്ടുവാങ്ങി . ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം11/2022-23 തീയതി 26/09/23നല്കി.

പദ്ധതികൾ 100% പൂർത്തീകരികരിക്കുന്നതിനും ഓഫീസ് ജോലികൾ ദ്രുതഗതിയിൽ നടക്കുന്നതിനുമാണ് കേടുപാടുകൾ മാറ്റുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ മറ്റുസ്ഥാപനങ്ങളിൽ നിന്നും വാങ്ങിയത്. കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന മാത്രമെ വാങ്ങാവൂ എന്ന നിബന്ധന സംബന്ധിച്ചുള്ള അറിവില്ലായ്മകൊണ്ടും ആണ് മേൽപ്രകാരമുള്ള അപാകത സംഭവിച്ചത് എന്ന് നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭിച്ചിട്ടുണ്ട്. പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ബന്ധപ്പെട്ട നിബന്ധനകളും നിർദ്ദേശങ്ങളും പാലിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തേണ്ടതാണ്.

**1-32 മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ- വിനിയോഗ വിവരങ്ങൾ/അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.**

ഫയൽ നമ്പർ H4/21730/21.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പിന്റെ 31.05.2022 ലെ സർക്കാർ ഉത്തരവ് നം. 1346/2022 പ്രകാരം 2022-23 വർഷത്തെ മഴക്കാല പൂർവ്വ ശുചീകരണ, പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശുചിത്വമിഷൻ വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇപ്രകാരം ചെലവഴിക്കുന്ന തുക 2022-23 വർഷത്തെ പദ്ധതിയിൽ ശുചിത്വമിഷൻ വിഹിതം അനുവദിക്കുന്ന മുറയ്ക്ക് തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്നതാണെന്നും ഉത്തരവിൽ പറയുന്നുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2022-23ലെ മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡ് ഒന്നിന് 10000/- രൂപ വീതം ആകെ 520000/- രൂപ തനതുഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

Rs.410000/- ചെക്ക് നം. 040781/6.7.2022

Rs.110000/- " 040782 - 040792/6.7.22

ഓരോ വാർഡിലെയും സാനിട്ടേഷൻ കമ്മിറ്റി ചെയർമാൻ & കൺവീനറിന്റെ പേരിലുള്ള അക്കൗണ്ടുകളിലേക്ക് 10000/- രൂപ വീതം നൽകിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്

എന്നാൽ ടി തുകകൾ മഴക്കാല പൂർവ്വ ശുചീകരണത്തിന് ചെലവഴിച്ചതു സംബന്ധിച്ച റിപ്പോർട്ടുകളോ അനുബന്ധ രേഖകളോ ഫയലിൽ ലഭ്യമല്ല.

ശുചിത്വമിഷൻ എക്സി.ഡയറക്ടറുടെ 03.08.2022 ലെ 398/D/2022/SM നടപടിക്രമങ്ങൾ പ്രകാരം 520000/-രൂപ ശുചിത്വമിഷനിൽനിന്നും കോട്ടയം നഗരസഭയ്ക്ക് അലോട്ട്മെന്റ് മുഖേന അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി തുക തനതുഫണ്ടിലേക്ക് തിരികെ അടയ്ക്കേണ്ടതുണ്ട്. എന്നാൽ 17 വാർഡുകളിൽ (വാർഡ് 7, 8, 12, 13, 14, 15, 16, 17, 18, 19, 21, 22, 25, 26, 40, 41, 47) ചെലവഴിച്ച തുകകൾ മാത്രമേ തനതുഫണ്ടിലേക്ക് തിരികെ അടച്ചതായി കാണുന്നുള്ളൂ. (Rs.170000/ചെക്ക് നം. 041007 To 041024 തീയതി 14.09.2022). ബാക്കി 35 വാർഡുകളിൽ ചെലവഴിച്ച തുകകൾ റീക്കൂപ്പ് ചെയ്തതായി കാണിന്നില്ല. മേൽ പരാമർശങ്ങൾക്കുള്ള വിശദീകരണം മതിയായ രേഖകൾ സഹിതം ഹാജരാക്കമെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (No.35/20.11.2023) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. റീക്കൂപ്പ് ചെയ്യാനവശേഷിക്കുന്ന 350000/- രൂപ തനതുഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്ത് ഓഡിറ്റ് പരാമർശം

ഒഴിവാക്കേണ്ടതാണ്. ചെലവു സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ 520000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-33 നാഗമ്പടം സ്റ്റേഡിയം-നാശോൻമുഖമായ നിലയിൽ**

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നാഗമ്പടം നെഹ്റു സ്റ്റേഡിയത്തിനു ചുറ്റുമുള്ള 120 ൽ പരം കടമുറികളിൽ ഭൂരിഭാഗവും നാശോൻമുഖമായ നിലയിലാണ്. മെയിന്റനൻസിന്റെ അഭാവത്തിൽ പല കടമുറികളുടേയും ഷട്ടറുകൾ തകർന്ന് ഉപയോഗ ശൂന്യമായ അവസ്ഥയിലാണ്. ഇതുമൂലം പല കടമുറികളും വാടകക്കാരില്ലാത്ത അവസ്ഥയിലാണ്. ചില കടമുറികൾ വാടക കൊടുക്കാതെ അനധികൃതമായി ചില വ്യക്തികൾ കൈവശം വെച്ചിരിക്കുന്നതായി സ്ഥലം നേരിൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | റൂം നം | അവസാനമായി നിശ്ചയിച്ച പ്രതിമാസ വാടക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | കെ.എ.സൈനുദീൻ | NSG-2 | 2105 | 06/22 മുതൽ |
| 2 | കെ.വി.ശോഭ | NSG-4 | 1467 | 02/22 മുതൽ |
| 3 | എബ്രഹാം സ്കറിയ | NSG-6 | 881 | 04/11 മുതൽ |
| 4 | ടി.സി.പ്രസാദ് | NSG-7 | 1681 | 03/21 മുതൽ |
| 5 | വി.എസ്.സലിം | NSG-8 | 908 | 05/18 മുതൽ |
| 6 | ഇ.എ.അജി | NSG-11 | 840 | 04/11 മുതൽ |
| 7 | ബൈജു | NSG-13 | 630 | 02/12 മുതൽ |
| 8 | ജി.പ്രകാശ് | NSG-15 | 538 | 04/11 മുതൽ |
| 9 | കെ.എ.പരീത് കുഞ്ഞ് | NSG-24 | 829 | 01/22 മുതൽ |
| 10 | ജോസി തോമസ് | NSG-25 | 866 | 10/14 മുതൽ |
| 11 | പി.പി.വേണുഗോപാൽ | NSG-28 | 1139 | 11/22 മുതൽ |
| 12 | പി.പി.ഷാബു | NSG-30 | 1052 | 08/21 മുതൽ |
| 13 | കെ.ജി.അനിൽകുമാർ | NSG-31 | 888 | 04/22 മുതൽ |
| 14 | കെ.എൻ.കുഞ്ഞുമോൻ | NSG-32 | 1251 | 04/13 മുതൽ |
| 15 | മേരിക്കുട്ടി ജോൺ | NSG-33 | 733 | 03/13 മുതൽ |

ടി കടമുറികൾ ലേലം കൊണ്ട വ്യക്തികൾ തന്നെയാണോ വാടക നൽകാതെ നിലവിൽ അനധികൃതമായി മുറികൾ കൈവശം വെച്ചിരിക്കുന്നതെന്ന് അറിയുവാൻ കഴിയുന്നില്ല. മുനിസിപ്പാലിറ്റി കൃത്യമായി സ്ഥലം പരിശോധിക്കുകയോ വാടക പിരച്ചെടുക്കുകയോ ചെയ്യാത്തതിനാൽ കീഴ്വാടകയ്ക്ക് ലേലം കൊണ്ട വ്യക്തികൾ കടമുറി കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

നാഗമ്പടം നെഹ്റു സ്റ്റേഡിയം നിൽക്കുന്ന പ്രദേശത്തിനു മുന്നിലൂടെയുള്ള റോഡ് വീതി കൂട്ടിയപ്പോൾ റോഡിന്റെ ഉയരം കൂടുകയും ശാസ്ത്രീയമായ ഡ്രെയിനേജ് സംവിധാനത്തിന്റെ അഭാവത്തിൽ സ്റ്റേഡിയത്തിനും കടമുറികൾ നിൽക്കുന്ന ചുറ്റുപാടുമുള്ള പ്രദേശങ്ങളിലേക്കും

വിവിധ ദിശകളിൽ നിന്നും ഒഴുകി വരുന്ന വെള്ളം കെട്ടിനിൽക്കുകയും ചെയ്യുന്ന അവസ്ഥയാണ്. സ്റ്റേഡിയവും ചുറ്റുമുള്ള പ്രദേശങ്ങളും ചെറിയ മഴപെയ്താൽപോലും വെള്ളക്കെട്ടായി മാറുകയും കടകളിൽ വെള്ളം കയറുകയും ചെയ്യുന്നു. ഇതിനാൽ മുനിസിപ്പാലിറ്റി ഈ കടമുറികൾ പുതുക്കിപ്പണിയുന്നതിനോ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനോ യാതൊരു നടപടിയും കൈക്കൊള്ളുന്നില്ല. ഇപ്പോൾ ഉപയോഗ യോഗ്യമായ എത്ര കടമുറികളുണ്ടെന്നുപോലും മുനിസിപ്പാലിറ്റിയുടെ കയ്യിൽ വ്യക്തമായ കണക്കില്ല. ആരെങ്കിലും വന്ന് വാടക അടച്ചാൽ അത് സ്വീകരിക്കുക മാത്രമാണ് മുനിസിപ്പാലിറ്റി ചെയ്യുന്നത്. വാടക കുടിശ്ശിക കണക്കാക്കി നോട്ടീസ് അയച്ച് തുക ഈടാക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല. കടമുറികൾ അനധികൃതമായി കൈവശം വെച്ചിരിക്കുന്ന വ്യക്തികളിൽ നിന്നും തിരികെ എടുത്ത് കൃത്യമായി മെയിന്റനൻസ് ചെയ്യേണ്ടതാണ്. ഒരു ചെറിയ മഴ പെയ്താൽ പോലും സ്റ്റേഡിയവും ഗാലറിയും വെള്ളക്കെട്ടായി മറുന്ന അവസ്ഥയാണിപ്പോൾ എഞ്ചിനീയറിങ് വിങ്ങിന്റെ സഹായത്തോടെ നീരൊഴുക്ക് വിശദമായി പഠിച്ച് വെള്ളം കയറുന്ന ഭാഗങ്ങൾ മണ്ണിട്ടുയർത്തേണ്ടതും സ്റ്റേഡിയത്തിനു ചുറ്റുമുള്ള ഓട ആഴംകൂട്ടി വൃത്തിയാക്കി വെള്ളമൊഴുക്ക് സുഗമമാക്കേണ്ടതുമാണ്. സ്റ്റേഡിയം, ഗാലറി എന്നിവിടങ്ങളിൽ സി.സി. ടി.വി സൗകര്യം ഒരുക്കി പോലീസ് കൺട്രോൾ റൂമിന്റെ നിരീക്ഷണത്തിലാക്കിയാൽ ഈ സ്ഥലം മദ്യപൻമാരുടേയും മറ്റ് സാമൂഹിക വിരുദ്ധരുടേയം താവളമാകുന്നത് തടയാൻ സാധിക്കും.

**1-34 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചിട്ടില്ല**

| പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവ് | ബില്ലുകൾ |
|---|---|---|---|
| എസ്.ഒ.262-2022/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 2000000 (വികസനഫണ്ട് SCP) | 775000 | 1) 73/30.03.2023 - Rs. 1,50,000 |
| | | | 2) 76/30.03.2023 - Rs. 1,50,000 |
| | | | 3) 82/30.03.2023 - Rs. 4,75,000 |

2022-23 സാമ്പത്തിക വർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ മേല്പറഞ്ഞ പദ്ധതിയുടെ ഫയലുകളും രേഖകളും പരിശോധിച്ചതിൽ നിന്നും 9 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ വീതം 3 ഗഡുക്കളിലായി (50,000/-, 75,000/-, 75,000/-) നൽകുവാനായി വിഭാവനം ചെയ്തിരുന്നു. എന്നാൽ നാളിതുവരെയായി ഒരു ഗുണഭോക്താവ് മാത്രമേ 3 ഗഡുക്കളും കൈപ്പറ്റി പഠനമുറി പൂർത്തീകരിച്ചിട്ടുള്ളു. മറ്റ് ഗുണഭോക്താക്കളുടെ വിവരങ്ങളും കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങളും ചുവടേ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും അഡ്രസ്സും | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു |
|---|---|---|---|---|
| 1 | രഹന രാജ്<br>കുറ്റിക്കാട്ട്<br>മൂലവട്ടം | 50,000 | 75000 | . |

| | | | | |
|---|---|---|---|---|
| 2 | അഭിജിത്ത് അനിൽ<br>ഇല്ലിപ്പറമ്പിൽ<br>മൂലവട്ടം പി.ഒ | 50,000 | - | - |
| 3 | അനാമിക ദിലീപ്<br>പാറേപറമ്പിൽ കീഴകുന്ന്<br>കളക്ടേറ്റ് പി.ഒ | 50,000 | 75,000 | - |
| 4 | തുഷാർ സി.ആർ<br>ചക്കാലപ്പറമ്പിൽ<br>മൂലവട്ടം പി.ഒ | 50,000 | - | - |
| 5 | ശ്രേയസ്സ് രാജ്<br>തടത്തിൽ വീട്<br>മറിയപ്പള്ളി പി.ഒ | 50,000 | 75,000 | - |
| 6 | ഷിനു വി.എസ്<br>തുരുത്തിക്കാട്ട് മാലിയിൽ<br>എസ്.എച്ച് മൌണ്ട് പി.ഒ | 50,000 | 75000 | - |
| 7 | പ്രിയമോൾ<br>പ്രീതി നിവാസ്<br>പൂവൻതുരുത്ത് പി.ഒ | 50,000 | 75000 | - |
| 8 | അക്ഷര അജയ് കുമാർ<br>കുരയ്ക്കലാട്ടുചിറ<br>മുട്ടം പി.ഒ. | 50,000 | - | |

മേൽപറഞ്ഞ ഗുണഭോക്താക്കൾ തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്തതിന് കാരണം വല്ലതുമുണ്ടെങ്കിൽ ഓഡിറ്റിൽ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31) മറുപടി ലഭിച്ചില്ല. ആയതിനാൽ 7,75,000/- രൂപ തടസ്സപ്പെടുത്തുന്നു.

**1-35 ഭൂമി വാങ്ങൽ - പട്ടികവർഗ്ഗം - വാങ്ങിയ സ്ഥലത്ത് ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല**

| പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 1) എസ്.ഒ. 174/22-23<br>ഭൂമി വാങ്ങൽ - പട്ടികവർഗ്ഗം | 3,00,000<br>(വികസനഫണ്ട്-റ്റി.എസ്.പി) | 3,00,000<br>(വികസനഫണ്ട്-റ്റി.എസ്.പി) |
| 2) എസ്.ഒ. 265/22-23<br>എസ്. റ്റി - ഭൂമി വാങ്ങൽ | 124800<br>(വികസനഫണ്ട്- ജനറൽ) | 72133<br>(വികസനഫണ്ട്- ജനറൽ) |
| | 201600 | 152867 |

| | | |
|---|---|---|
| | (വികസനഫണ്ട്-റ്റി.എസ്.പി) | (വികസനഫണ്ട്-റ്റി.എസ്.പി) |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പറഞ്ഞ പദ്ധതികളിൽ എസ്.ഒ. 174/22-23-ഭൂമി വാങ്ങൽ - പട്ടികവർഗ്ഗം എന്ന പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ.എ.ജെ വർഗ്ഗീസ്, ആലപ്പാട്ടുകുന്നേൽ, നട്ടാശ്ശേരി, എസ്.എച്ച്. മൌണ്ട് പി.ഒ. എന്നയാൾക്ക് വികസനഫണ്ടിൽ നിന്നും 2,25,000 രൂപ ചെലവഴിച്ച് മൂന്ന് സെന്റ് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. എസ്.ഒ. 265/22-23എസ്. റ്റി - ഭൂമി വാങ്ങൽ എന്ന പദ്ധതി പ്രകാരം ശ്രീമതി.റോഷ്നി. റ്റി. ആർ, പള്ളിപ്പുറം വീട്, പെരുമ്പായിക്കാട് പി. ഒ എന്ന ഗുണഭോക്താവിന് വികസനഫണ്ടിൽ നിന്ന് 3,00,000/- രൂപ ചെലവഴിച്ച് സ്ഥലം വാങ്ങി നൽകി.

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് രണ്ടുപേർക്കും വീട് വയ്ക്കുന്നതിനായുള്ള സ്ഥലം ലഭിച്ചെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് മൂലം വീട് വയ്ക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഇവരെ വരും വർഷത്തേയ്ക്കുള്ള ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(32) മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ പരാമർശിച്ച ഗുണഭോക്താക്കൾക്കളെ ഭവനനിർമ്മാണപദ്ധതിയിലുൾപ്പെടുത്തി വീട് വച്ചുനൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

### 1-36 എസ്.സി ഭവനങ്ങളുടെ അറ്റകുറ്റപ്പണി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 1) എസ്.ഒ. 260/22-23<br>എസ്.സി ഭവനങ്ങളുടെ അറ്റകുറ്റപ്പണി | 1,21,50,000<br>(വികസനഫണ്ട്-എസ്.സി.പി) | 7275,000<br>(വികസനഫണ്ട്-എസ്.സി.പി) |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പറഞ്ഞ പദ്ധതിയിൽ 80 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു. ഓരോ ഗുണഭോക്താവിനും രണ്ട് ഗഡുക്കളിലായി 75000/-രൂപ വീതം ആകെ 1,50,000/- രൂപ നൽകുന്നതിനായി വിഭാവനം ചെയ്തിരിയ്ക്കുന്നു. എന്നാൽ ചില ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും രണ്ടാം ഗഡു കൈപ്പറ്റി പണി പൂർത്തിയാക്കാത്തതായി പ്രോജക്ട് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു. .

| നം. | പേരു അഡ്രസ്സും | ഒന്നാം ഗഡു | രണ്ടാം ഗഡു |
|---|---|---|---|
| 1 | ശാന്തമ്മ ദേവസീസ്<br>വാലുപറമ്പിൽ, ചിങ്ങവനം | 75000 | - |
| 2 | കുഞ്ഞുമോൾ വി.എസ്<br>പാറയിൽ, ചിങ്ങവനം | 75000 | - |
| 3 | റ്റി.സി.രാജപ്പൻ<br>തുരുത്തേൽ, മൂലവട്ടം | 75000 | - |

| | | | |
|---|---|---|---|
| 4 | സുകുമാരൻ പി.കെ<br>വളഞ്ഞാറ്റിൽ പറമ്പിൽ<br>ചാലുകുന്ന്, കോട്ടയം | 75000 | - |
| 5 | പ്രദീപ് കുമാർ കെ.പി<br>കൈതയിൽ, മൂലവട്ടം | 75000 | - |
| 6 | സിന്ധുമോൾ ഇ.ആർ<br>വടക്കേ ഇടത്തിനകം<br>നാട്ടകം പി.ഒ | 75000 | - |
| 7 | മനോജ് കെ.എസ്<br>കൊച്ചുപറമ്പിൽ<br>നാട്ടകം പി.ഒ | 75000 | - |
| 8 | സതീഷ് .എൻ<br>ഇരവുകാലാ<br>പെരുമ്പായിക്കാട് പി.ഒ | 75000 | - |
| 9 | കെ. ശശി<br>കുന്നേൽ<br>കളക്ടേറ്റ് പി.ഒ | 75000 | - |
| 10 | സുമ രാജു<br>മുരിങ്ങോത്ത് പറമ്പിൽ<br>ഗാന്ധിനഗർ | 75000 | - |

മേൽപറഞ്ഞ ഗുണഭോക്താക്കൾ തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്തതിന് കാരണം വല്ലതുമുണ്ടെങ്കിൽ ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ വീടുകളുടെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചതിന് ശേഷം ഓഡിറ്റിൽ വിവരമറിയിയ്ക്കേണ്ടതാണ്.

**1-37 സ്കൂളുകൾക്ക് ഇൻസിനറേറ്റർ - സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭിച്ചില്ല**

| പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവ് | ബില്ലുകൾ |
|---|---|---|---|
| എസ്.ഒ.403-2022/23<br>സ്കൂളുകൾക്ക് ഇൻസിനറേറ്റർ | 10,00,000<br>(ധനകാര്യകമ്മിഷൻ) | 9,53,676/-<br>(ധനകാര്യ കമ്മിഷൻ) | 1) Rs. 10,00,000<br>Ref.Account No.626701035302<br>തീയതി:- 27.03.23 |

നാട്ടകം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽപറഞ്ഞ പ്രോജക്ടിന്റെ ഭാഗമായി കേരള സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയായ കേരള വനിതാ വികസന കോർപ്പറേഷനിൽ നിന്നും കോട്ടയം നഗരസഭയുടെ

കീഴിലുള്ള 36 സ്കൂളുകളിലേയ്ക്കായി ഇൻസിനറേറ്റർ വാങ്ങിയിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ വിവരിച്ചുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ 32 സ്കൂളുകളിൽ ഇൻസിനറേറ്ററുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ (Installation Certificate) ലഭ്യമാക്കിയിട്ടുണ്ട്. ഇൻസിനറേറ്ററുകൾ വാങ്ങിയ സ്ഥാപനവുമായി AMC വച്ചിട്ടില്ല.

ബാക്കി 4 ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടില്ല. കേരള വനിതാ വികസന കോർപ്പറേഷന്റെ 30.03.2023 തീയതിയിലെ Tax Invoice No.9422001545 പ്രകാരം 36 ഇൻസിനറേറ്ററുകൾക്കായി ആകെ 9,53,676/- രൂപയാണ് ചെലവ്. എന്നാൽ 10, 00,000/- രൂപ ധനകാര്യകമ്മിഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 46,324/- രൂപ അധികമായി സ്ഥാപനത്തിന് നൽകിയിരിയ്ക്കുന്നു. ആയതിനാൽ അധികമായി നൽകിയ 46324/- രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

**1-38 ഫയലുകൾ ഹാജരാക്കിയില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു**

നഗരസഭ എഞ്ചിനീയറിങ് വിഭാഗം നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ ചുവടെ ചേർത്തിരിക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 85/23 | ആയുർവേദ ആശുപത്രി മെയിന്റനൻസ് | 2000000 | 1637980 | അജി.സി.ടി, അസി.എഞ്ചിനീയർ |
| 2 | 212/23 | കാവനാൽ പാറ പുതുവീട് തൈപ്പറമ്പ് റോഡ് റോഡ് റീ കോൺക്രീറ്റിങ് ഇൻ വാർഡ് 44 | 165000 | 165000 | “ |
| 3 | 86/23 | ഓണാട്ട് റോഡ് പുനരുദ്ധാരണം വാർഡ്33 | 171000 | 170000 | “ |
| 4 | 175/23 | സിന്ധ്യ എൻക്ലേവ് അശ്വതിപുരംറോഡ് നാരായണറോഡ് മെയിന്റനൻസ് | 500000 | 500000 | ബിന്ദു ജെ.എൽ |
| 5 | 519/23 | നഗര വൈദ്യുതീകരണം | 490000 | 321042 | “ |
| 6 | 155/23 | നാട്ടകം ജി.വി.എച്ച്.എസ് ഗ്രൌണ്ട് | 793652 | 92012 | അന്ന അനില വർഗ്ഗീസ്, A.EXE. |

| | | | | | |
|---|---|---|---|---|---|
| | | പുനരുദ്ധാരണം | | | |
| 7 | 523/23 | ഇലക്ട്രിക് വാഹനങ്ങളുടെ വാടക | 1500000 | 1430428 | " |
| 8 | 143/23 | പൊതു ജല സ്രോതസ്സുകളുടെ നവീകരണം | 1000000 | 909993 | " |
| 9 | 445/23 | പുത്തനങ്ങാടി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ വാർഡ് 23,24 | 2000000 | 1952296 | |
| 10 | 533/23 | പൂഴിക്കുന്നേൽ പ്ലാക്കിപ്പടി തോട് സൈഡ് പ്രൊട്ടക്ഷൻ | 2000000 | 2000000 | |
| 11 | 449/23 | ഡീവാട്ടറിങ്ങ് പമ്പ് സെറ്റ് സ്ഥാപിക്കൽ കൊച്ചുപള്ളം, പാറെച്ചാൽ പാറമ്പുഴ മൂഴൂർ പാടശേഖരം | 4000000 | 2065000 | ” |
| 12 | 532/23 | ഇല്ലിക്കൽ ആമ്പല്ലൂർതോട്സൈഡ് പ്രൊട്ടക്ഷൻ | 2200000 | 2200000 | ” |
| 13 | 184/23 | ആറ്റമാലി അടിച്ചിപ്പാടം തറയിൽറോഡ് മെയിന്റനൻസ് | 3500000 | 2352224 | ” |
| 14 | 422/23 | ഇല്ലിക്കൽ മൈതാനം സ്റ്റേജ് റൂഫ് നിർമ്മാണം | 700000 | 335616 | ” |
| 15 | 463/23 | മെയിൻ ഓഫീസ് പരിധിയിലുള്ള വിവിധ സ്കൂളുകളുടെ മെയിന്റനൻസ് | 100000 | 100000 | ” |
| 16 | 50/23 | തിരുവാതുക്കൽ മേഖലയിലെ വിവിധ അംഗൻവാടികളുടെ മെയിന്റനൻസ്. | 12,00,000 | 12,00,000 | മുഹമ്മദ് ആഷിക്ക് അസി.എഞ്ചിനീയർ |
| 17 | 217/23 | എം. സി. റോഡ് മാത്തിക്കളത്തിൽ | 397200 | 300000 | “ |

| | | | | | |
|---|---|---|---|---|---|
| | | അറക്കത്തറ കമ്പനി റോഡ് റീ - ടാറിംഗ് | | | |
| 18 | 225/23 | പെരുംതുരുത്തി പ്ലാക്കിൽ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് - 32 | 500000 | 304494 | “ |
| 19 | 340/23 | ഏക്കപ്പുറം റോഡും പേരകത്തുശ്ശേരി റോഡും ബാക്കി ഭാഗം പുനരുദ്ധാരണം വാർഡ് - 46 | 800000 | 327972 | “ |
| 20 | 215/23 | മടത്തിക്കാവ് പൊൻകുന്നത്തുകാവ് മുട്ടം റോഡ് റീടാറിംഗ് ഇൻ വാർഡ് - 43 | 333000 | 333000 | “ |
| 21 | 227/23 | YMCA റോഡ് പുനരുദ്ധാരണം വാർഡ് - 32 | 600000 | 600000 | “ |
| 22 | 301/23 | ഇല്ലിമൂട് സർവ്വീസ് സ്റ്റേഷൻ പാക്കിൽ അമ്പലം കൊല്ലകടവിൽ റോഡ് പുനരുദ്ധാരണം വാർഡ് - 35 | 774000 | 774000 | “ |
| 23 | 299/23 | SNDP കാവനാഡി പാലമൂട് നാട്ടവ റോഡ് പുനരുദ്ധാരണം വാർഡ് - 37 | 800000 | 800000 | “ |
| 24 | 313/23 | കേലചന്ദ്രപറമ്പ് തുണ്ടിയിൽ പുഴക്കരകടവ് ഓറിയൻ ക്രീപ്മിൽ റോഡ് റീടാറിംഗ് & റീകോൺക്രീറ്റിംഗ് ഇൻ വാർഡ് - 39 | 800000 | 800000 | “ |
| 25 | 331/23 | പള്ളം ഗവ. സ്കൂൾ റോഡ് റീടാംറിംഗ് & | 800000 | 800000 | “ |

| | | | | | |
|---|---|---|---|---|---|
| | | പതിനഞ്ചിൽ വടക്കേപറമ്പ് റോഡ് റീ കോൺക്രീറ്റിംഗ് ഇൻ വാർഡ് - 40 | | | |
| 26 | 226/23 | എം.സി. റോഡ് കല്ലുപറമ്പ് മുഞ്ഞനാട്ടുശ്ശേരി യോഗേശ്വര ക്ഷേത്രം റോഡ് റീടാറിംഗ് & ഡ്രൈൻ മെയിന്റനൻസ് ഇൻ വാർഡ് - 41 | 969687 | 969687 | " |
| 27 | 136/23 | നാഗമ്പടം ഷീ ലോഡ്ജിങ്ങ് അധിക സൗകര്യം ഒരുക്കൽ | 2639500 | 46750 | ബിജിമോൾഇ.ആർ എക്സി.എഞ്ചിനീയർ |
| 28 | 446/23 | കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള കുടിശ്ശിക അടയ്ക്കൽ | 19617169 | 19617169 | " |
| 29 | 65/23 | പഴയസെമിനാരി മീനച്ചിൽ റിവർ റോഡ് CMS കോളേജ് സെമിത്തേരി റോഡ് മെയിന്റനൻസ് വാർഡ് 49 | 1500000 | 1500000 | " |
| | | ആകെ | | 44604663 | |

ഫയലുകൾ നൽകണമെന്ന് ആവശ്യപ്പെട്ട് മേൽ പറഞ്ഞ ഉദ്യോഗസ്ഥരുടെ പേരിൽ സമൻസ്, കാരണം കാണിക്കൽ നോട്ടീസ് എന്നിവ നൽകിയെങ്കിലും മേൽ പറഞ്ഞ ഫയലുകൾ ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 44604663/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-39 നെഹ്റു പാർക്കിൽ കുട്ടികൾക്കായി സ്ഥാപിച്ച കളിയുപകരണങ്ങൾ മെയിന്റനൻസിന്റെ അഭാവത്തിൽ നശിച്ച നിലയിൽ- അപകടമുണ്ടാകുവാനുള്ള സാദ്ധ്യത നിലനിൽക്കുന്നു**

കോട്ടയം നഗരസഭയിൽ നാഗമ്പടത്ത് നെഹ്റു പാർക്കിൽ കുട്ടികൾക്കായി 12 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച കളിയുപകരണങ്ങൾ പൂർണ്ണമായും നാശോൻമുഖമായ നിലയിലാണ്. 2019-20 സാമ്പത്തിക വർഷം പ്രോജക്ട് നം. 521/19-20 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1222687/- രൂപ ചെലവഴിച്ച് സ്ഥാപിച്ചവയാണ് ഈ ഉപകരണങ്ങൾ. 05-02-2019 ൽ നടന്ന ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ലഭിച്ച ബിൽഡ് ഇൻഡ്യ, ഭാരതി ബിൽഡിംഗ്, മഹാകവി ജി റോഡ്, എറണാകുളം എന്ന സ്ഥാപനമാണ് കളിയുപകരണങ്ങൾസ്ഥാപിച്ചത്.

കുട്ടികൾക്കായി താഴെ പറയുന്ന ഉപകരണങ്ങളാണ് പാർക്കിൽ സ്ഥാപിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ഉപകരണം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | Wheelchair Accessible Multi Fun Station | 1 | 578861 | 578861 |
| 2 | Combination Set 3 In 1 (Swing, Slide, Seasaw) | 1 | 37587 | 37587 |
| 3 | Merry Go Round Seater (Special) | 1 | 54255 | 54255 |
| 4 | Caterpillar Tunnel | 1 | 115386 | 115386 |
| 5 | Multifitness Station (Walker) | 1 | 168473 | 168473 |
| 6 | Puppy Bin | 3 | 11564 | 34692 |
| 7 | Pencil Bin | 3 | 11564 | 34692 |
| 8 | Frog DustBin | 2 | 13216 | 26432 |
| 9 | Trunk Bin | 2 | 11564 | 23128 |
| 10 | Hybrid Adventure | 1 | 94458 | 94458 |
| 11 | Spring Rider Ant | 1 | 15373 | 15373 |
| 12 | Spring Rider Shark | 1 | 15246 | 15246 |
| 13 | Spring Rider Horse | 1 | 15182 | 15182 |
| 14 | Cross N Zero | 1 | 8922 | 8922 |
| | ആകെ | | | 1222687 |

ഈ ഉപകരണങ്ങളെല്ലാം തന്നെ തുരുമ്പെടുത്ത് നിലവിൽ പൂർണ്ണമായും ഉപയോഗശൂന്യമായ നിലയിലാണ്. ഇവ കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തി സംരക്ഷിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ ഭാഗത്ത് നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. പദ്ധതിയുടെ ഇ-ടെണ്ടർ അംഗീകരിച്ച ബിൽഡ് ഇൻഡ്യ എന്ന സ്ഥാപനവുമായി നഗരസഭ തയ്യാറാക്കിയ കരാർ നിയമപരമായി നിലനിൽക്കില്ലെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. ടി കരാറിൽ (കരാർ നം: 451/18-19; 08-03-2019) നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി ബീന P.G മാത്രമാണ് ഒപ്പിട്ടിട്ടുള്ളത്. ബിൽഡ് ഇൻഡ്യ സ്ഥാപനത്തിന്റെ പ്രൊപ്രൈറ്റർ കരാറിൽ ഒപ്പിട്ടിട്ടില്ല. മാത്രവുമല്ല വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതു (Annual Maintanance Contract) സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല.

ഭീമമായ തുക ചെലവഴിച്ച് കുട്ടികളുടെ മാനസിക, ശാരീരികോല്ലാസത്തിനായി സ്ഥാപിച്ച കളിയുപകരണങ്ങൾ ഇപ്രകാരം മെയിന്റനൻസില്ലാതെ നശിക്കുന്നത് ചെലവഴിച്ച തുക പാഴാക്കുന്നതിന് വഴിതെളിക്കും. മാത്രവുമല്ല മെയിന്റൻസില്ലാത്ത ഈ ഉപകരണങ്ങളിൽ കുട്ടികൾ കയറി അപകടമുണ്ടാകുവാനുള്ള സാധ്യതയും നിലനിൽക്കുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ അടിയന്തിരമായി ഉണ്ടാകേണ്ടതും ഇവ പൂർണ്ണമായും നശിക്കുന്നതിനു മുൻപായി മെയിന്റനൻസ് നടത്തി ഉപയോഗയോഗ്യമാക്കേണ്ടതും ഉപയോഗയോഗ്യമാക്കുന്നതുവരെ അവ കുട്ടികൾ ഉപയോഗിക്കാത്ത രീതിയിൽ സൂക്ഷിക്കേണ്ടതുമാണ്.

**1-40 നീന്തൽ പരിശീലനം - രേഖകകൾ ലഭ്യമാക്കിയില്ല**

| പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവ് | ബില്ലുകൾ |
|---|---|---|---|
| എസ്.ഒ. 279-2022-23 നീന്തൽ പരിശീലനം | 1,50,000 (വികസന ഫണ്ട്) | 1,50,000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | 1) 5/27.02.2023 – Rs. 45000<br>2) 19/24.03.2023 – Rs. 105000 |

നാട്ടകം ഗവ. VHSS പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ മേൽ സൂചിപ്പിച്ച പദ്ധതിയിൽ കോട്ടയം നഗരസഭയിലെ സ്കൂളുകളിലെ 5 മുതൽ 10 ക്ലാസ് വരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഒരു കുട്ടിക്ക് 1500/- രൂപ നിരക്കിൽ 20 മണിക്കൂർ നീന്തൽ പരിശീലനം നൽകുന്നതിനായി നാട്ടകം ഹെൽത്ത് ക്ലബ്ബിനെ നിയോഗിച്ചു. ഫയൽ പരിശോധനയിൽ നിന്നും 105 കുട്ടികൾക്ക് പരിശീലനം നൽകിയതായി കാണുന്നു.

പരിശീലനം പൂർത്തിയാക്കിയ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തിയിട്ടില്ല.ഇൻസ്ട്രക്ടറുടെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

മേൽ പറഞ്ഞ രേഖകൾ/അപാകതകൾക്കുള്ള വിശദീകരണം എന്നിവ ഓഡിറ്റിൽ ലഭ്യമക്കാണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. ന39/2022-23 തീയതി 21.11.2023) നൽകിയ മറുപടിയിൽ സർട്ടിഫിയ്ക്കറ്റുകൾ ഹാജരാക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ സർട്ടിഫിയ്ക്കറ്റുകൾ ഹാജരാക്കുന്നതുവരേയ്ക്കും 150000/- രൂപ തടസ്സപ്പെടുത്തുന്നു.

**1-41 സ്കൂളുകളിലേയ്ക്ക് ഫർണിച്ചർ -വിതരണ വിവരങ്ങൾ ലഭ്യമായില്ല**

| പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവ് | ബില്ലുകൾ |
|---|---|---|---|
| എസ്.ഒ.28-2022/23 സ്കൂളുകളിലേയ്ക്ക് ഫർണിച്ചർ | 8,00,000 (വികസനഫണ്ട്) | 5,02,789 (വികസനഫണ്ട് കമ്മീഷൻ) | 1) 4/27.02.23- Rs. 1,20,000<br>2) 13/20.03.23- Rs. 14,000<br>3) 18/24.03.23 – Rs. 2,37,009<br>4) 21/27.03.23 – Rs.75,000<br>5) 1/27.02.23- Rs. 56,780 |

ഗവ.വി.എച്ച്.എസ്.എസ്, നാട്ടകം പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ മേല് സൂചിപ്പിച്ച പദ്ധതിയിൽ Gem പോർട്ടൽ വഴി വികസനഫണ്ട് നിന്നും 5,02,789/- രൂപ ചെലവഴിച്ച് സ്കൂളുകളിലേയ്ക്ക് ഫർണിച്ചർവാങ്ങിയതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഇവയെല്ലാം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും വിവിധ സ്കൂളുകളുടെ കൈപ്പറ്റ് രസീത് പരിശോധിച്ചതിൽ നിന്നും എല്ലാ ഉപകരണങ്ങളും വിതരണം ചെയ്തിട്ടില്ല എന്ന്

കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാങ്ങിയ സാധനങ്ങൾ | വിതരണം നടത്തിയവയുടെഎണ്ണം | വിതരണം നടത്താൻ അവശേഷിയ്ക്കുന്നവയുടെ എണ്ണം |
|---|---|---|---|
| 1 | അലമാര- 15 എണ്ണം | 15 | 0 |
| 2 | കസേര -85 എണ്ണം | 85 | 0 |
| 3 | Writingboard -15 എണ്ണം | 0 | 0 എണ്ണം |
| 4 | ഡെസ്ക് - 30എണ്ണം | 0 | 30എണ്ണം |

മേൽപറഞ്ഞ സാധനങ്ങൾ വിതരണം നടത്തിയ ശേഷം രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (45) നൽകിയ മറുപടിയിൽ 30 ഡെസ്കുകളുടെ കൈപ്പറ്റ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇവ ആവശ്യമുള്ള സ്കൂളുകൾക്ക് വിതരണം നടത്തിയ ശേഷം ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

**1-42 നഗരസഭാ ലൈബ്രറികളുടെ അനുബന്ധ പ്രവർത്തനങ്ങൾ- സാധനങ്ങൾ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല**

| പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവ് | ബില്ലുകൾ |
|---|---|---|---|
| എസ്.ഒ.437-2022/23 നഗരസഭാ ലൈബ്രറികളുടെ അനുബന്ധ പ്രവർത്തനങ്ങൾ | 1,00,000 (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) | 97771 (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) | 1) 8/13.03.2023 – Rs. 57,450<br>2) 15/20.03.2023 – Rs. 24,805<br>3) 26/30.03.2023 – Rs. 15,516 |

നാട്ടകം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽപറഞ്ഞ പ്രോജക്ടിന്റെ ഭാഗമായി മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള വിവിധ ലൈബ്രറികൾക്കായി 5 ബുക്ക് ഷെൽഫ്, 39 പ്ലാസ്റ്റിക് കസേര, 4ഡെസ്ക് എന്നിവ Gem പോർട്ടലിൽ നിന്നും നേരിട്ട് വാങ്ങിയതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവിധ ലൈബ്രറികൾക്ക് നൽകിയതിന്റെ രേഖകൾ, കാഷ് ബുക്ക് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല.

മേൽപറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.36) മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവ് തുകയായ 97771 /- രൂപ തടസ്സപ്പെടുത്തുന്നു.

**1-43 സ്കൂളുകൾക്ക് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങൽ - വിതരണ രേഖകൾ ലഭ്യമാക്കിയില്ല.**

| പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവ് | ബില്ലുകൾ |
|---|---|---|---|
